# ലക്ഷ്മീഭായി

| പുസ്തകം ൨൧ | ൧൧൦൦ മിഥുനം | ലക്കം ൨ |
|---|---|---|

## മംഗളം

ലക്ഷ്മീശൻ സവ്വവണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്സായുന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവണ്ണാവലിപരിവിലസൽപത്രവൃന്ദം പെടുന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂത്തിയെച്ചേത്തിടട്ടെ.

കവിസാവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## യോഗത്രയം അല്ലെങ്കിൽ സോമയാഗം

ഭക്തിയോഗം, കമ്മയോഗം, ജ്ഞാനയോഗം ഇങ്ങിനെ മൂന്നു യോഗങ്ങളാണ് പുരുഷാത്ഥസാധകങ്ങളായവ. ഇവ മൂന്നും പരസ്പരം സംശ്ലിഷ്ടങ്ങളാകുന്നു. വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളില്ലാത്ത ഒരു പ്രാണിയുമില്ല എങ്കിലും ഒന്നിന്നു പ്രാധാന്യമുണ്ടാകുമെന്നതു സാധാരണമാണ്. സത്വരജസ്തമോഗുണങ്ങളുടെ നിലയും ഇതുതന്നേയാണ്. സത്വഗുണത്തിന്ന് എവിടെയെങ്കിലും പ്രാധാന്യമുണ്ടാകുമ്പോൾ അതിനെ സാ

ന്ന *

ത്വികമായി പറയാറുണ്ട്. സത്വഗുണപ്രാധാന്യമുള്ളെടത്തും രജോഗുണത്തിൻെറയും തമോഗുണത്തിൻെറയും സമ്പക്ലേശമില്ലെന്നു പറഞ്ഞുകൂടാ. ഇതുപോലെ യോഗത്രയങ്ങളിൽ ഒന്നുമാത്രമായി ഒരേടത്തുമുണ്ടാകുന്നതുമല്ല. ഒരു ഉത്തമഭക്തനിൽ ലോകഹിതങ്ങളായ പ്രവൃത്തികളും ആത്മജ്ഞാനസമ്പാദനത്തിനുള്ള ശ്രമങ്ങളുമുണ്ടാകാതെയിരിക്കയില്ല. ഇതുപോലെ ജ്ഞാനിയിൽ ഭക്തിയും ലോകോപകാരതൽപരതയുമുണ്ടായിരിക്കും. എന്നാൽ മൂന്നുതരത്തിൽ യോഗങ്ങളുണ്ടെന്നു പറയുന്നതിന്ന് അത്ഥവുമുണ്ട്. എല്ലാററിനേയും ഈശ്വരനായി കണ്ടുകൊണ്ടു ഭക്തൻ ഉദ്ഗതി പ്രാപിക്കുന്നു. ജ്ഞാനിയുടെ ഉദ്ഗതിമാഗ്ഗം എല്ലാററിനേയും ആത്മസ്വരൂപേണ കാണുകയാകുന്നു. കമ്മയോഗി കമ്മാനുഷ്ഠാനംകൊണ്ടും കമ്മഫലത്യാഗംകൊണ്ടും ദ്വന്ദ്വങ്ങളെ ജ്ജയിക്കുന്നു. ഇങ്ങിനെ കമ്മയോഗിയുടേയും ജ്ഞാനയോഗിയുടേയും ഭക്തൻെറയും മാഗ്ഗങ്ങളിൽ അല്പം വ്യത്യാസങ്ങളുണ്ടാവാം. ആ വ്യത്യാസംതന്നെ ഓരോരോ യോഗത്തിൻെറയും പ്രാധാന്യംനിമിത്തമുണ്ടാകുന്നതാണ്. എന്നാൽ ഈ മൂന്നു യോഗങ്ങളുംകൂടിച്ചേന്നാൽ ഉദ്ഗതിക്കു ശീഘ്രതയും ലോകത്തിന്നു സവ്വതോമുഖമായ ക്ഷേമവുമുണ്ടാകുന്നതാണ്. ഈ മൂന്നു യോഗങ്ങളുടേയും സങ്കലനമാണ് സോമയാഗം. സോമയാഗത്തിൻെറ ആ നിലയെപ്പററി പറയുന്നതിന്നു മുമ്പു പറയുവാനുള്ള രണ്ടുവാക്കു പറയുന്നു.

ദീക്ഷിതൻ, സോമയാജി മുതലായ നാമധേയങ്ങളെ സമ്പാദിക്കുക, വെച്ചുനമസ്കാരം, ദാനം മുതലായ വഴിക്കു ദ്രവ്യം ആജ്ജിക്കുക മുതലായ ഉദ്ദേശങ്ങളോടുകൂടി മന്ത്രാത്ഥചിന്തയുടെ ലേശംപോലുംകൂടാതെ സോമയാ

ഗം ചെയ്യുകയാണ് ഇന്നത്തെ സമ്പ്രദായം. പണ്ടത്തെ നില ഇതായിരുന്നില്ല. ത്യാഗംകൊണ്ട് ആത്മാവിനെ (യജമാനനെ) സംസ്കരിക്കുക, ത്യജിക്കപ്പെട്ട ഹവിസ്സു മുതലായവയെ അഗ്നിയിൽ ഹോമിക്കുന്നതുകൊണ്ടു ദ്രവ്യത്തിനെ സംസ്കരിക്കുക, മന്ത്രാൎത്ഥചിന്തകൊണ്ടു ദേവതയെ സംസ്കരിക്കുക ഇങ്ങിനെ മൂന്നു സംസ്കാരങ്ങൾ വൈദികക്രിയകളിലെല്ലാം വേണമെന്നു പൂൎവ്വമീമാംസയിൽ കാണുന്നു. അതിനാൽ ദേവതാസംസ്കാരം മന്ത്രത്തിൻെറ അൎത്ഥജ്ഞാനമില്ലാതെ സാദ്ധ്യമല്ലെന്നുവരുന്നു. വേദത്തിൻെറ അൎത്ഥജ്ഞാനത്തിന്നാണ് വേദാദ്ധ്യയനം ചെയ്യുന്നത് എന്നും, അതുകൊണ്ടു വേദാൎത്ഥചിന്ത ഗുരുകുലത്തിൽവെച്ചുതന്നെ ചെയ്യേണമെന്നും പൂൎവ്വമീമാംസയുടെ ആരംഭത്തിൽതന്നെ പറയുന്നു. മന്ത്രാൎത്ഥജ്ഞാനത്തിൻെറ ഭേദംകൊണ്ടു ഫലത്തിന്നു ഭേദമുണ്ടാകുമെന്നു ബ്രാഹ്മണങ്ങൾ സ്പഷ്ടമായി പറയുന്നു. അതിനാൽ മന്ത്രാൎത്ഥചിന്ത വൈദികകൎമ്മങ്ങളിൽ പ്രധാനമായിരുന്നു എന്നൂഹിക്കാം. ക്രമേണ മന്ത്രാൎത്ഥചിന്ത കുറഞ്ഞു തുടങ്ങി. യാഗങ്ങൾ ദൂഷിക്കുവാൻ തുടങ്ങി. ഇങ്ങിനെ ദൂഷിക്കുവാൻ തുടങ്ങിയ യാഗങ്ങളേയാണ് ബുദ്ധൻ നിഷേധിച്ചതെന്നാണ് തീരുമാനിക്കേണ്ടത്. പിന്നീടു ബുദ്ധമതം പ്രബലമായിത്തീൎന്നപ്പോൾ വൈദികക്രിയകൾക്ക് അല്പം പ്രാബല്യം കുറഞ്ഞു. എങ്കിലും കുമാരിലഭട്ടൻ ശങ്കരാചാൎയ്യസ്വാമികൾ തുടങ്ങിയ മഹാന്മാർ ബുദ്ധമതത്തെ നിരാകരിച്ചു വൈദികമതത്തെ സ്ഥിരീകരിച്ചു. മന്ത്രങ്ങളുടേയും യാഗങ്ങളുടേയും സംബന്ധത്തെ വിശദമാക്കുക എന്നുള്ളതു ശങ്കരാചാൎയ്യരോ കുമാരിലഭട്ടനോ അവരുടെ ഒരു പ്രധാനഉദ്ദേശമായി കരുതുകയുണ്ടായില്ല. മനശ്ശുദ്ധിക്കു വൈദികകൎമ്മങ്ങൾ ചെയ്യണം

എന്നുമാത്രമേ അവർ പ്രധാനമായി സ്ഥാപിക്കുകയുണ്ടായിട്ടുള്ളു. മാത്രമല്ല, യാഗങ്ങൾകൊണ്ട് അനിത്യമായ സ്വൎഗ്ഗം ലഭിക്കും ഇത്രമാത്രമേയുള്ളു എന്നുള്ള ധാരണ പ്രബലപ്പെടുകയും ചെയ്തു. അതോടുകൂടി യാഗങ്ങൾക്ക് ആത്മവിചാരത്തോടു യാതൊരു സംബന്ധവുമില്ലെന്നു വന്നുകൂടുകയും ചെയ്തു. മന്ത്രാൎത്ഥചിന്ത തുടങ്ങിയാൽ സോമയാഗത്തിൽ ഭക്തിമാൎഗ്ഗവും, ജ്ഞാനമാൎഗ്ഗവും, കൎമ്മമാൎഗ്ഗവും ഉണ്ടെന്നു കാണാറാകും. രണ്ടുമൂന്നു ലേഖനങ്ങൾകൊണ്ട് ഈ വിഷയത്തെ സ്പഷ്ടമാക്കുന്നതിന്നു ശ്രമിച്ചുകൊള്ളാം. അതിന്നുള്ള ആരംഭം ഇതിൽതന്നെ തുടങ്ങിവെക്കുന്നു.

ഏകത്വംവഴിക്കു, ത്രിത്വംവഴിക്ക് ഇങ്ങിനെ രണ്ടു തരത്തിലായിരുന്നു വൈദികപ്രസ്ഥാനങ്ങൾ. ഏകത്വം വഴിക്കുള്ള പ്രസ്ഥാനം അഥൎവ്വണവേദമാണ്. അഥൎവ്വണവേദപ്രകാരമുള്ള യാഗങ്ങളിൽ അഗ്നി ഒന്നേയുള്ളു. അന്യവേദങ്ങളുടെ സഹായവുമില്ല. 'നഥൎവ്വതി ഇതി അഥൎവ്വൻ' നിശ്ചയമായി നില്ക്കുക എന്നൎത്ഥം. ഭാഗവതത്തിലെ ധ്രുവനെപ്പോലെ വിഘ്നങ്ങളെയെല്ലാം തൃണവൽകരിച്ചുംകൊണ്ട് ഈശ്വരപ്രാപ്തിക്കുള്ള ശ്രമമാണ് അഥൎവ്വണവേദപ്രസ്ഥാനം. ആഭിചാരങ്ങളാണ് അഥൎവ്വണവേദത്തിലെ വിഷയം എന്നുള്ള ധാരണ ചിലൎക്കുണ്ട്. ആഭിചാരങ്ങളെക്കൊണ്ടു ലൌകികകാൎയ്യങ്ങളെ സാധിക്കുകമാത്രമല്ല അഥൎവ്വണത്തിലെ ഉദ്ദേശം. തമോഗുണക്കാരെ രജോഗുണംവഴിക്കല്ലാതെ സത്വഗുണത്തിലേക്കു കൊണ്ടുവരുവാൻ പ്രയാസമാണ്. താമസികചിത്തന്മാരെ രജോഗുണത്തിൽകൂടി സത്വഗുണത്തിലേക്കു കൊണ്ടുവരുവാനുള്ള ഒരു മാൎഗ്ഗമായി ആഭിചാരങ്ങളെ അഥൎവ്വണവേദം സ്വീകരിക്കില്ലെന്നില്ല. പ്രായശ്ചിത്ത

ങ്ങളെല്ലാം അഥർവ്വണവേദസിദ്ധങ്ങളാണെന്നു ശങ്കരാ
ചാര്യർ ഉപനിഷദ്ഭാഷ്യത്തിൽ പറഞ്ഞിട്ടുണ്ട്. വസി
ഷ്ഠനെ അഥർവ്വണവേദത്തിന്റെ നിധിയായി രഘുവംശ
ത്തിൽ കാളിദാസൻ പറയുന്നു. അനിഷ്ടങ്ങളെ ഇല്ലാ
താക്കുവാൻ രാജാക്കന്മാരുടെ അസ്ത്രങ്ങളെക്കാൾ മന്ത്ര
ങ്ങൾകൊണ്ടു വസിഷ്ഠനു ശക്തികൂടും എന്നു കാണിക്കു
വാനാണ് വസിഷ്ഠനെ അഥർവ്വണനിധിയാക്കിപ്പറഞ്ഞ
ത്. ഏകത്വത്തിൽക്കൂടെ പോയി അനിഷ്ടങ്ങളെ ഇല്ലാ
താക്കുകയാണ് അഥർവ്വണവേദംകൊണ്ടു ചെയ്യുന്നത്.
അഥർവ്വണവേദപ്രസ്ഥാനം ഇന്നു ഹിന്തുക്കളുടെയിട
യിൽ ഒരേടത്തുമില്ല. മഹമ്മദീയരെ നാലാംവേദക്കാ
രായി പറയുന്നത് അവരുടെ പ്രസ്ഥാനത്തിനും അഥർവ്വ
ണവേദത്തിന്റെ പ്രസ്ഥാനത്തിനും സാമ്യമുള്ളതുകൊ
ണ്ടാണ്.

ഇന്നത്തെ ഹിന്തുക്കളുടെ ഗതി ത്രിത്വംവഴിക്കാകു
ന്നു. പുരാണംവഴിക്കാകുമ്പോൾ ത്രിമൂർത്തികൾക്കു പ്രാ
ധാന്യം കാണാം. നിരുക്തം, ബ്രാഹ്മണം ഈ വഴിക്കു
വേദങ്ങളിലേക്കും നോക്കുമ്പോൾ ത്രിമൂർത്തികളുടെ സ്ഥാ
നത്ത് അഗ്നി, ഇന്ദ്രൻ, സൂര്യൻ ഇവരെ കാണാം. പു
രാണങ്ങളിലെ ത്രിമൂർത്തികൾക്കു വേദങ്ങളിൽ സ്ഥാനമി
ല്ലെന്നല്ല പറയുന്നത്. രണ്ടുദിക്കിൽ രണ്ടുതരത്തിൽ ത്രി
ത്വങ്ങളെ കാണാമെന്നേ പറയുന്നുള്ളു. ഇന്നു നടപ്പുള്ള
യാഗങ്ങളിലെല്ലാം മൂന്നു വേദങ്ങളുടേയും മൂന്നഗ്നികളു
ടേയും സമ്മേളനമുണ്ട്. ഋക്കു, യജുസ്സ്, സാമം ഈ മൂ
ന്നു വേദങ്ങളുടെ പ്രത്യേകതയെ ഋക്കു മുതലായ ശബ്ദ
ങ്ങൾ സൂചിപ്പിക്കുന്നു. "ഋചസ്തുതൌ" സ്തുതി എന്ന
ർത്ഥമായ ഋച എന്ന ധാതുവിൽനിന്നാണ് ഋക്ക് എന്ന
ശബ്ദമുണ്ടായിട്ടുള്ളത്. സ്തുതി ഭക്തിയുടെ സൂചകമാണ്.
സ്ഥിരത താമസികമാണ് എങ്കിലും ഈശ്വരങ്കലുള്ള

സ്ഥിരത വേണ്ടതുമാണ്. ഈശ്വരങ്കൽ സ്ഥിരതയാകു ന്ന ഭക്തിയുടെ ആവശ്യകതയെ ഋഗ്വേദം സ്ഥിരീകരി ക്കുന്നു. 'യജിക്കുക' എന്നർത്ഥമായ 'യജ' എന്ന ധാതു വിൽനിന്നാണ് യജുസ്സ് എന്ന ശബ്ദമുണ്ടായിട്ടുള്ളത്. പ്രവർത്തിക്കുക എന്നുള്ളതു രജോഗുണംകൊണ്ടുണ്ടാകുന്നു. യജിക്കുക എന്നുള്ളത് ഒരു പ്രവൃത്തിയാണ് എന്നിരു ന്നാലും യജനപ്രവൃത്തി ഉദ്ഗതിക്ക് അവശ്യം വേണ്ട താണ്. പ്രവൃത്തികളെ ലോകഹിതങ്ങളാക്കിത്തീർക്കുക എന്നുള്ളതു യജുർവ്വേദംകൊണ്ടു സിദ്ധിക്കുന്നു. ഋഗ്വേദം കൊണ്ടു ഭക്തിയെ സ്ഥിരീകരിക്കുന്നു. യജുർവ്വേദംകൊണ്ടു പ്രവൃത്തികളെ ലോകഹിതങ്ങളാക്കിത്തീർക്കുന്നു. ഇവയോ ടൊപ്പം സാമവേദം എല്ലാററിനേയും സമമാക്കിത്തീർക്കു ന്നു. സമാനം, സദൃശം ഇത്യാദി അർത്ഥങ്ങളെ യാസ്കൻ സാമശബ്ദത്തിന്നു പറഞ്ഞിട്ടുണ്ട്. തൈത്തരീയോപനി ഷത്തിൽ ആത്മജ്ഞാനി സാമഗാനം ചെയ്തുംകൊണ്ടിരി ക്കുന്നു എന്നു പറയുന്നു. അതായതു, ബ്രഹ്മജ്ഞാനി എ ല്ലാററിനേയും ഒരുപോലെ കാണുന്നു എന്നു സാരം. ഗ രുഡൻ പറക്കുമ്പോൾ ചിറകുകളിൽനിന്നുണ്ടാകുന്ന ശ ബ്ദം സാമഗാനമാണെന്നു ചിലേടത്തു പറഞ്ഞിട്ടുണ്ട്. സാമഗാനമുള്ളേടത്തു വിഷ്ണുസാന്നിദ്ധ്യംകൂടും എന്നു സാ രം. അതായതു, ഭേദബുദ്ധിയുടെ സ്ഥാനത്ത് അഭേദ ബുദ്ധിക്കു സ്ഥിരപ്രതിഷ്ഠയുണ്ടാകുമ്പോൾ വിഷ്ണുസാന്നി ദ്ധ്യത്തിന്നും സ്ഥിരപ്രതിഷ്ഠയുണ്ടാകുമെന്നു ചുരുക്കം. സാ മവേദം ജ്ഞാനമാർഗ്ഗത്തിന്റെ സൂചകമാണെന്നേ പറ യേണ്ടതുള്ളൂ. സോമയാഗത്തിലുള്ള വേദത്രയങ്ങളുടെ സ മ്മേളനം, ആ യാഗത്തിൽ യോഗത്രയങ്ങളുടെ സമ്മേ ളനത്തെ ഉണ്ടാക്കേണമെന്നു കാണിക്കുന്നു. മന്ത്രാർത്ഥ ങ്ങൾവഴിയായി സോമയാഗത്തിൽ യോഗത്രയങ്ങളെ ഉണ്ടാക്കേണം. അതെങ്ങിനെയെന്നു നോക്കാം.

വി. കെ. നാരായണഭട്ടതിരി.

# വിധവാവിവാഹം

ഒരു അത്യുൽപതിഷ്ണുവായ വി. ടി. രാമൻഭട്ടതിരിയുടെ രസികസദനത്തിൽവെച്ചു നടന്ന വിധവാവിവാഹം അത് അർഹിക്കുന്നതിലധികം ഒച്ചപ്പാടുണ്ടാക്കീട്ടുണ്ട്. പല ദിക്കുകളിലും യോഗങ്ങൾകൂടി ഇതുസംബന്ധമായി അനുമോദനരൂപേണയും പ്രതിഷേധരൂപേണയും പ്രമേയങ്ങൾ പാസ്സാക്കിവരുന്നതായി നാം അറിയുന്നുണ്ട്. എന്നാൽ ഈ യോഗങ്ങൾ വിളിച്ചുകൂട്ടുന്നവരുടെ ഉദ്ദേശ്യം അധികവും സമുദായത്തിൽ വല്ലവിധത്തിലും പ്രാമാണ്യം സിദ്ധിക്കണമെന്നുള്ളതല്ലേ എന്നു തോന്നിപ്പോകുന്നു. വി. ടി. ഭട്ടതിരിയും എം. ആർ. ബിയും ഒരു വിധവയായ അന്തർജ്ജനത്തിന്റെ കൃതജ്ഞതയ്ക്കു പാത്രങ്ങളാണെങ്കിലും അവർ അമാനുഷന്മാരൊ അവതാരപുരുഷന്മാരൊ ആണെന്നു പറയത്തക്കവണ്ണം ഒരു കൃത്യം ചെയ്തു എന്നു പറവാൻ ഒരിക്കലും വഴിയില്ല. നമ്പൂരിമാരുടെയിടയിൽപോലുംയാഥാസ്ഥിതികന്മാരേക്കാൾ അധികം ഉൽപതിഷ്ണുക്കളാണ് ഇപ്പോളുള്ളത്. ഇവരുടെ ആനുകൂല്യം ഉള്ള കാലത്തോളം വി. ടി. പ്രഭൃതികൾക്കു നമ്പൂരിസമുദായത്തിൽനിന്നു ബഹിഷ്കൃതരാകുമെന്നുള്ള ഭയത്തിന്ന് അവകാശമില്ല. എന്നുതന്നെയല്ല ഒരു പൂർവ്വാചാരത്തെ ആദ്യമായി ലംഘിച്ചു എന്നുള്ള ബഹുമതിയും അവർക്കു ലഭിക്കുന്നതാണ്. പിന്നെ എന്തിന് അവർ ഭയപ്പെടുന്നു. അതിനാൽ സാധാരണമനുഷ്യരാൽ സാദ്ധ്യമല്ലാത്ത ഒരു കൃത്യം ചെയ്തുവെന്നുപറഞ്ഞ് അവരെ ഇത്രത്തോളം ഉയർത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇവരുടെ നേരെ കണ്ണുരുട്ടുകയും ഗർജ്ജിക്കുകയും ചെയ്യുന്ന യാഥാസ്ഥിതികന്മാർ

അനുകമ്പയെയാണ് അർഹിക്കുന്നത്. രസികസദനത്തിൽവെച്ചു നടന്ന വിധവാവിവാഹത്തിന്റെ ഫലമായി രാജ്യത്തിലും സമുദായത്തിലും ഭയങ്കരമായ ആപത്തു സംഭവിക്കാൻപോകുന്നു എന്നു ഭയപ്പെടുന്ന യാഥാസ്ഥിതികർ ആപന്നിവാരണത്തിന്നായി 'മണ്ഡലഭഗവതിസേവ'യെക്കാൾ ഫലപ്രദമായ ഒരു മാർഗ്ഗമുണ്ടെന്നു മനസ്സിലാക്കേണ്ടതാണ്. ഇന്നുമുതൽ അവർ സ്വജാതിയിൽപെട്ടവരേ മാത്രമേ വിവാഹംചെയ്കയുള്ളു എന്നും ഏകപത്നിവ്രതം കൈക്കൊള്ളുമെന്നും പുനർവ്വിവാഹം ഒരിക്കലും ചെയ്കയില്ലെന്നും പരസ്ത്രീകളെ ഒരിക്കലും കാംക്ഷിക്കയില്ലെന്നും ശപഥംചെയ്യട്ടെ. അതുപ്രകാരം കൃത്യമായി അനുഷ്ഠിക്കുന്നതു സാദ്ധ്യമാണെന്നുകണ്ടാൽ വിധവാവിവാഹം നിഷിദ്ധമാണെന്ന് ഉച്ചൈസ്തരം ഘോഷിക്കട്ടെ. എന്നാൽ അവരോടു യോജിക്കാത്തവർകൂടി അവരുടെ വാക്കുകൾക്കു വിലവെക്കുന്നതും അവരെ എന്തെന്നില്ലാത്തവിധം ബഹുമാനിക്കുന്നതുമാകുന്നു. അതുകൂടാതെ അവക്കനുഷ്ഠിക്കാൻ അസാദ്ധ്യമായിട്ടുള്ളതു മററുള്ളവരെ അനുഷ്ഠിക്കാൻ നിർബ്ബന്ധിക്കുന്നത് അക്രമവും അധർമ്മവുമാകുന്നു.

"ശൂദ്രീം ശയനമാരോപ്യ ബ്രാഹ്മണോ യാത്യധോഗതിം
ജനയിത്വാ സുതം തസ്യാം ബ്രാഹ്മണ്യാം ദേവ! ഹീയതേ
വൃഷലീഫേനപീതസ്യ നിശ്വാസോപഹതസ്യ ച
തസ്യാം ചൈവ പ്രസൂതസ്യ നിഷ്കൃതിർന്ന വിധീയതേ"

എന്ന പ്രമാണപ്രകാരവും, ശാങ്കരസ്മൃതിയാലും, വിഷ്ണു, ശംഖൻ, വ്യാസൻ, ഭാർഗ്ഗവൻ മുതലായവരുടെ വിധിപ്രകാരവും ദ്വിജന്മാരായ പുരുഷന്മാർക്കു ശൂദ്രസ്ത്രീകളെ ഒരിക്കലും വിവാഹംചെയ്വാൻ പാടില്ലെന്നു കാണുന്നുണ്ട്. യാജ്ഞവൽക്യന്റേയും അഭിപ്രായം ഇതുതന്നെ

യാണ്. പക്ഷെ ഇന്നുള്ള നമ്പൂരിമാരാരും ഈ പ്രമാണങ്ങളെ തീരെ വകവെച്ചിട്ടില്ല. അവരുടെ എന്തധമ്മപ്രവൃത്തികളും നീതീകരിക്കാനാണ് ഒരു കേരളമാഹാത്മ്യം സൃഷ്ടിച്ചത്. പരമആഭാസമായ ഈ കൃതി അവരുടെ പ്രമാണഗ്രന്ഥമായിവെച്ചിട്ടുള്ളതിലധികം ജുഗുപ്സാവഹമായി മറെറന്താണുള്ളത്! ഒരു നമ്പൂരിഇല്ലത്തെ കനിഷ്ഠാംഗങ്ങൾക്കു സ്വജാതിയിൽ വിവാഹം ചെയ്തുകൂടത്രെ! പക്ഷെ എല്ലാവക്കും അന്യജാതിസ്ത്രീകളായി വ്യഭിചരിക്കാം. അവരുടെ ഇഷ്ടം സാധിപ്പിച്ചുകൊടുക്കുന്ന സ്ത്രീകൾക്കു മോക്ഷവും അല്ലാത്തവക്ക് നരകാനുഭവവുമാണെന്നു കേരളമാഹാത്മ്യം വിധിച്ചിരിക്കുന്നു! ലജ്ജാവഹം! അത്യന്തം ലജ്ജാവഹം!! ഒരു നമ്പൂരിക്കു തൃതീയപുരുഷാത്ഥം സാധിക്കുന്നതിന്ന് എന്തു കുത്സിതപ്രവൃത്തികളും ചെയ്യാം. പ്രമാണങ്ങളെ സൃഷ്ടിക്കാനും നിമ്മൂലമാക്കാനും അന്യഥാകരിക്കാനും പ്രത്യക്ഷേശ്വരന്മാക്ക് ശക്തിയില്ലാതെവരുമോ? എന്നാൽ കന്യകയായിരിക്കുമ്പോൾതന്നെ വൈധവ്യംവന്ന ഒരു അന്തജ്ജനം സ്വജാതിയിലുള്ള ഒരു പുരുഷനെ ഭത്താവായി സ്വീകരിച്ചാൽ കേരളം നശിച്ചു, ബ്രാഹ്മണവംശം നശിച്ചു, ലോകംതന്നെ നശിച്ചു എന്നെല്ലാം ചില യാഥാസ്ഥിതികന്മാർ ആക്രോശിക്കുവാൻ തുടങ്ങും. ഇവരുടെ മനസ്ഥിതിയെ വണ്ണിക്കാൻ തക്ക വാക്കുകൾ ഒരു നിഘണ്ടുവിലും ഇല്ലാത്തതു കഷ്ടംതന്നെ! അന്തജ്ജനങ്ങളെ അവർ മനുഷ്യരായികൂടി ഗണിക്കാത്തതാണ് അത്യന്തം കഷ്ടം! പ്രായമായാലും അവരെ വിവാഹംചെയ്തുകൊടുക്കണമെന്നുള്ള നിബ്ബന്ധം മലയാളബ്രാഹ്മണരുടെഇടയിലില്ല. "നമ്പൂരിബ്രഹ്മചാരികൾ തങ്ങളുടെ ക്ഷുദ്രപ്രേമഭാജനങ്ങളുമായിസുഖം അനുഭവിക്കുമ്പോൾ നമ്പൂരികന്യകമാർ ഗൃ

ഹാന്തഭാഗത്ത് ഏകാന്തത്തിൽ അടക്കപ്പെട്ടും അതിനി ഷ്ഠുഷ്മായി കാക്കപ്പെട്ടും അവിവാഹിതകളായി ജീവിച്ചു മരിക്കണം" എന്നു മലയാളവിവാഹകമീഷൻറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ചിലപ്പോൾ ഒരു അന്തൎജ്ജനം അറുപതോ എഴുപതോ വയസ്സായ ഒരു വൃദ്ധനമ്പൂരിയുടെ ഭൂരികളത്രങ്ങളിൽ ഒന്നായി വൎത്തിച്ചു സാപത്ന്യാത്ഭവദുഃഖം പൂൎത്തിയായി അനുഭവിക്കേണ്ടതായും വരുന്നു. വിധവാവിവാഹത്തെക്കുറിച്ചു ബഹളംകൂട്ടുന്ന യാഥാസ്ഥിതികനമ്പൂരിമാർ ഇവരുടെ ശോചനിയമായ സ്ഥിതിക്കു ഭേദംവരുത്തുവാൻ എന്തേൎപ്പാടുകളാണ് ചെയ്തിട്ടുള്ളത്? "ഞങ്ങൾക്ക് എല്ലാവിധസുഖങ്ങളും അനുഭവിക്കണം. ഞങ്ങളുടെ ഇല്ലങ്ങളിലെ സ്വത്തിന്നു നാശംവരരുത്. ഞങ്ങളുടെ സ്ത്രീകൾ അവിവാഹിതകളായാലും വിവാഹിതകളായാലുംകൊള്ളാം. അവർ അസൂൎയ്യംപശ്യകളായി ഗൃഹാന്തൎഭാഗങ്ങളിൽ അസ്വതന്ത്രകളായി എന്നും ഇരുന്നുകൊള്ളണം. കന്യകയായിരിക്കുമ്പോൾതന്നെ ഭൎത്താവു മരിച്ചാലും ഒരു സ്ത്രീക്കു പുനൎവ്വിവാഹത്തെപ്പററി ചിന്തിക്കപോലുംവയ്യാ" എന്നെല്ലാം ശഠിക്കുന്ന നമ്പൂരിബ്രാഹ്മണരെപ്പോലെ സ്വാൎത്ഥമൂൎത്തികളായി ആരാണുള്ളത്? ചെമ്മന്തട്ടഅന്തൎജ്ജനം അറുപത്തഞ്ചുപേരെ ജാതിയിൽനിന്നും ബഹിഷ്കരിക്കാനിടയാക്കി. ഒരു വിവാഹിതയായ നമ്പൂരിയുവതി നിരവധി പ്രതിബന്ധങ്ങളുണ്ടായിരുന്നിട്ടും അവയെ എല്ലാം തട്ടിനീക്കി അറുപത്തഞ്ചു പുരുഷന്മാരായി ജാരസംസൎഗ്ഗം ചെയ്വാൻ ധൈൎയ്യപ്പെട്ടതു് ഓൎക്കുമ്പോൾ അവരുടെ ദാമ്പത്യജീവിതം എപ്രകാരമായിരുന്നു എന്ന് ഊഹിക്കാം. വികാരങ്ങളെ അടക്കാൻ എല്ലാസ്ത്രീകൾക്കും സാധിക്കയില്ല. അങ്ങിനെവരുമ്പോൾ അവർ വിധവകളായാ

ലും അല്ലെങ്കിലും അവരെ വിവാഹംചെയ്തുകൊടുക്കുകതന്നെയാണ് ഉത്തമം. അല്ലാത്തപക്ഷം വികാരങ്ങൾക്കു വശംവദരായി എന്തെല്ലാം അകൃത്യങ്ങളാണ് അവർ പ്രവൎത്തിക്കുക എന്നറിഞ്ഞുകൂടാ. എന്തിന്ന് ഇതിന്നെല്ലാം ഇടകൊടുക്കുന്നു? ഒരു വിധവ സ്വജാതിയിലുള്ള ഒരു പുരുഷനെ വരനായി സ്വീകരിച്ചതുകൊണ്ടു നമ്പൂരിസമുദായം മുടിഞ്ഞുപോകുന്നതല്ലെന്നു തീൎത്തുപറയാം. സ്മൃതികാരരെല്ലാം പുരുഷന്മാരായിരുന്നു. അവൎക്കു സ്ത്രീകളെക്കുറിച്ച് ആൎദ്രതതോന്നാത്തതിൽ ആശ്ചൎയ്യമില്ല. അബലകളും അസ്വതന്ത്രകളുമായ സ്ത്രീകൾ അവരുടെ നിശ്ചയങ്ങൾക്കു കീഴ്പ്പെടുകയല്ലാതെ എന്തു ചെയ്യും? പുരുഷന്മാരും സ്ത്രീകളും ഒരേനിയമങ്ങൾക്കു വിധേയരാകണമെന്നു വല്ല സ്മൃതികൎത്താക്കന്മാരും നിശ്ചയിച്ചിരുന്നെങ്കിൽ. പ്രമാണങ്ങളെല്ലാം ഏതുതരത്തിലാകുമായിരുന്നു എന്നുള്ളത് ഊഹ്യമാണ്.

പാതിവ്രത്യം ഏതുജാതിയിൽപെട്ട സ്ത്രീകൾക്കും അവശ്യം വേണ്ടതായ ഗുണമാണ്. ബ്രാഹ്മണസ്ത്രീകൾമാത്രം കുലസ്ത്രീകളും മറ്റുള്ളജാതിയിൽപെട്ടവർ പരസ്ത്രീകളുമാണെന്നുപറഞ്ഞാൽ അതു സമ്മതിക്കാൻ ഇപ്പോൾ ആരുമുണ്ടെന്നു തോന്നുന്നില്ല. സ്ത്രീയായാലും പുരുഷനായാലും ബ്രാഹ്മണനായാലും ചണ്ഡാലനായാലും ചാരിത്രശുദ്ധിയെ പരിപാലിക്കേണ്ട ചുമതല എല്ലാവൎക്കുമുണ്ട്. സ്ത്രീകൾക്കു ബഹുഭൎത്തൃത്വം നിഷിദ്ധമാണെങ്കിൽ പുരുഷന്മാൎക്കു ബഹുഭാൎയ്യാത്വവും അനുവദനീയമല്ലെന്നും സ്ത്രീകൾക്കു പുനൎവ്വിവാഹം പാടില്ലെങ്കിൽ പുരുഷന്മാൎക്കും അതു വയ്യെന്നുംവെക്കുന്നതായാൽ വലിയ അബദ്ധമൊന്നും വരാനില്ല. എന്തെന്നാൽ കാലഗതി അനുസരിച്ച് ആചാരങ്ങൾക്കു ഭേദഗതിവരുത്തേണ്ട ആവ

ശ്യം നേരിട്ടുമ്പോൾ പുരുഷന്മാർതന്നെ മുമ്പോട്ടിറങ്ങിവരുന്നതാണ്. വിധവാവിവാഹം നടപ്പാക്കേണ്ട ആവശ്യം പുരുഷന്മാൎക്കുണ്ടായിരിപ്പാൻ തരമില്ല. അതാണ് ഈ വിഷയത്തിൽ അവർ ഇത്രകാലം ഉദാസീനന്മാരായിരുന്നത്. എങ്കിലും സ്ത്രീകൾ ഇപ്പോൾ കണ്ണുതുറന്നുതുടങ്ങി. അവരോധത്തിൽനിന്ന് അവർ അരങ്ങത്തസ്സു പ്രവേശിച്ചുകഴിഞ്ഞു. തങ്ങൾ മനുഷ്യരാണെന്നും തങ്ങൾക്കും ചില അവകാശങ്ങളുണ്ടെന്നുമുള്ള ബോധം അവൎക്കുണ്ടായിത്തുടങ്ങി. ഇനി പണ്ടത്തെ പ്രമാണങ്ങൾക്കൊന്നും അവർ അത്ര വിലകല്പിക്കുന്നതല്ല. അവരുടെ ഉണൎച്ചയുടെ ഫലമാണ് രസികസദനത്തിൽ നടന്ന വിവാഹം. അതിനെസംബന്ധിച്ചു യാഥാസ്ഥിതികന്മാർ എന്തു വലിയ പ്രക്ഷോഭണങ്ങൾ നടത്തിയാലും എത്ര യോഗങ്ങൾ കൂടി പ്രമേയങ്ങൾ പാസ്സാക്കിയാലും ' വലിയ പ്രയോജനമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. ഇതിനെ തുടൎന്ന് അനേകവിധവാവിവാഹങ്ങൾ നടക്കുകതന്നെ ചെയ്യും. വിധവകളുടെ കഷ്ടപ്പാടുകൾക്കു മോചനം കണ്ടുതുടങ്ങി എന്നുവെച്ചു നമുക്കു സന്തോഷിക്കാനെ ന്യായമുള്ളൂ.

വി. കെ. രാമന്മേനോൻ ബി. എ., എൽ. ടി.

## ദൈവത്തിന്റെ കളി

(തുടൎച്ച)

ഒരു നാലു സംവത്സരംകൂടി അതിവേഗത്തിൽ കഴിഞ്ഞുകൂടി. കാലത്തിന്റെ പാച്ചലിൽ—അല്ലെങ്കിൽ തിരിച്ചലിൽ—എന്തെല്ലാം അത്ഭുതകരങ്ങളായ മാററങ്ങളാണ് ലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്! ധന

വാൻ ദരിദ്രനാകുന്നു; ദരിദ്രൻ ധനവാനാകുന്നു. രോഗികൾ അരോഗികളാകുന്നു; അരോഗദൃഢഗാത്രന്മാർ രോഗപീഡിതന്മാരായിപ്പരിണമിക്കുന്നു. മുതലാളികൾ ഇരപ്പാളികളും ഇരപ്പാളികൾ മുതലാളികളുമാകുന്നു. എല്ലാം ഈശ്വരന്റെ കളിതന്നെ.

ഒരു നാലുകൊല്ലംമുമ്പു നാട്ടുതോറും അലഞ്ഞുനടന്നിരുന്ന ഗോപീനാഥൻ ഇന്നിതാ അത്യുന്നതവും അഭിമാനകരവുമായ ഒരു മാന്യപദത്തെ അലങ്കരിക്കുന്നു. 'ജയിംസ് വില്യം' എസ്റ്റേററിലെ ചീഫ്മാനേജരാണ് ഇന്നു ഗോപീനാഥൻ. പ്രതിമാസം എഴുനൂററമ്പതുറുപ്പിക ശമ്പളം. താമസിക്കാൻ സ്വന്തമായി ഒരു മനോഹരമായ ബംഗ്ലാവ്. കീഴിൽ അനവധിയുദ്യോഗസ്ഥന്മാർ, ശിപായിമാർ, ശിഷ്യന്മാർ, ശിഷ്യത്തികൾ. സവാരിക്ക് എസ്റ്റേററ്വക കാർ. എന്തിന്! ഈ കഴിഞ്ഞ നാലു കൊല്ലത്തിനുമുമ്പു ഗോപീനാഥനുമായി നിത്യപരിചയമുണ്ടായിരുന്നവർപോലും ഇന്ന് അയാളെ കണ്ടാൽ അറിയില്ല. എല്ലുംതൊലിയും മാത്രം ശേഷിച്ചു വികൃതമായിരുന്ന അന്നത്തെ അയാളുടെ ദേഹം ഇന്നു തടിച്ചു രക്തവർണ്ണമായി സൌന്ദര്യത്തിന്റെ നൃത്തരംഗമായി പരിശോഭിക്കുന്നു. ആൾതന്നെ ഒരു ആജാനുബാഹുവായിത്തീർന്നിട്ടുണ്ട്. ഈ മാററങ്ങളെല്ലാം എത്രവേഗത്തിലുണ്ടായവയാണ്. നാലേ നാലു കൊല്ലം. അതിനിടയ്ക്കാണ് ഗോപീനാഥൻ കുടിലിൽനിന്നു കൊട്ടാരത്തിലെത്തിയിരിക്കുന്നത്. ഇതെല്ലാം മിസ്റ്റർ ജെയിംസ് വില്യം എന്നു പേരായ ആ സായ്പിന്റെ ഒരനുഗ്രഹമായിട്ടാണ് സകലപേരും കരുതുന്നത്. അദ്ദേഹത്തിന്റെ ആ കാർ കേടുതീർത്തുകൊടുത്തതിന്ന് ഇത്രവലിയ ഒരു പ്രതിഫലമൊ? എല്ലാം ഈശ്വരാനുഗ്രഹംതന്നെ.

അങ്ങിനെയാണ് ഗോപീനാഥനും ലക്ഷ്മിക്കുട്ടിയമ്മയ്ക്കും തോന്നിയത്. ആ ഈശ്വരനെ അവർ മിസ്റ്റർ ജെയിംസ് വില്ല്യമിൽ പ്രതിബിംബിച്ചുകാണുകയും അദ്ദേഹത്തിനെ ഈശ്വരനെപ്പോലെ വിചാരിച്ച് ആരാധിച്ചുവരികയും ചെയ്യുന്നു.

ഗോപീനാഥനും ലക്ഷ്മിക്കുട്ടിയമ്മയും കാമനയും ഗോപീനാഥൻെറ ബംഗ്ലാവിൽതന്നെയാണ് താമസം. ലക്ഷ്മിക്കുട്ടിയമ്മയ്ക്കു രാവും പകലും രാമനാമജപംതന്നെ ജോലി. ബാല്യദശയെ പിന്നിട്ടു താരുണ്യലക്ഷ്മിയുടെ ആലിംഗനസൌഖ്യം അനുഭവിച്ചുതുടങ്ങിയ കാമനയാകട്ടെ അമ്മയേയും 'കാപ്പ'യേയും ശുശ്രൂഷിക്കുന്നതിലും വീട്ടുജോലികൾ ചെയ്യുന്നതിലും ബദ്ധശ്രദ്ധയായിരിക്കുന്നു. ഭൃത്യന്മാർ അവളെ അത്യാവശ്യം സഹായിക്കുകയേവേണ്ടു. ഗോപീനാഥൻ എസ്റ്റേററിൻെറ അഭ്യുന്നതിക്കായിക്കൊണ്ടുള്ള പ്രയത്നത്തിൽ സദാ ജാഗരൂകനുമാകുന്നു. പക്ഷെ, സാധുസംരക്ഷണവിഷയത്തിലാണ് അദ്ദേഹം അധികസമയവും വിനിയോഗിച്ചുവന്നിരുന്നത്.

ഗോപീനാഥൻ എസ്റ്റേററിൽ ചെന്നതുമുതല്ക്ക് അതിലെ ആദായം ദിവസംപ്രതി വർദ്ധിച്ചുവരുന്നതായി കാണപ്പെട്ടു. അയാൾ ഏൎപ്പെടുന്ന ഏതു കാൎയ്യവും വിജയപ്രദമായിട്ടേ കലാശിക്കാറുള്ളു. അയാളുടെ വാക്ക് അവിടെയുണ്ടായിരുന്നവൎക്കെല്ലാം വേദവാക്യം. എല്ലാവൎക്കും അയാളെ വലിയ സ്നേഹം, വലിയ ബഹുമാനം. അയാളെക്കാൾ കൂടുതൽ പഠിപ്പുള്ളവർകൂടി അയാളെ മാനിക്കുവാൻ ഒരുക്കം. ഇതെല്ലാം കണ്ടു സന്തുഷ്ടനായ സായ്പ് ഏറെത്താമസിയാതെ എസ്റ്റേറ്റുവക സകലഭാരങ്ങളും ഗോപീനാഥനെ ഏല്പിച്ചു. സായ്പിന് ഉടമസ്ഥാ

വകാശം മാത്രം. വരവു ചിലവുകൾ ഗോപീനാഥൻെറ ഇച്ഛാനുസൃതം. നോക്കു കാലപ്പകച്ച്!

എസ്റ്റേറ്റിൽനിന്ന് അടുത്ത പട്ടണത്തിലേക്കുള്ള ദൂരം പതിനാറുനാഴികയായിരുന്നു. ഒരു ഒഴിവുള്ളദിവസം ഗോപീനാഥൻ അമ്മയുമൊരുമിച്ചു പട്ടണം കാണുവാൻ പോയി. അവിടെ ഓരോ തെരുവുകളിൽക്കൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ വഴിയരികിൽ ഒരിടത്ത് ഒരു പടുകിഴവൻ ഇരുന്ന് ഏങ്ങിയേങ്ങി ചുമയ്ക്കുന്നതു കണ്ടു. രോഗികളേയോ യാചകന്മാരേയോ എവിടെവെച്ചു കണ്ടാലും ഗോപീനാഥൻ അവരുടെ അടുക്കൽ ചെന്ന് അവക്കു കഴിയുന്നത്ര സഹായം ചെയ്തുകൊടുക്കാതെ പോകാറില്ല. വഴിയരികിലിരുന്നു ചുമയ്ക്കുന്ന കിഴവനെ കണ്ട ഉടനെ ഗോപീനാഥൻ കാറു നിത്തി, അതിൽനിന്നിറങ്ങി, അയാളുടെ അടുക്കൽ ചെന്ന്, അയാളോടു വിവരമെല്ലാം ചോദിച്ചറിഞ്ഞ ശേഷം പോക്കററിൽനിന്ന് ഒരു പത്തുറുപ്പികയുടെ നോട്ടെടുത്ത് ആ സാധുവിനു കൊടുത്തു. അയാൾ സന്തോഷത്തോടുകൂടെ എണീററു ഗോപീനാഥനെ താണു തൊഴുതു. വണ്ടിയിലേക്കു നോക്കിയപ്പോൾ ലക്ഷ്മിക്കുട്ടിയമ്മ അവിടെയിരിക്കുന്നതു കണ്ടു. ലക്ഷ്മിക്കുട്ടിയമ്മ പഴയ ലക്ഷ്മിക്കുട്ടിയമ്മതന്നെ. അതെ, ഒരു നാലഞ്ചു കൊല്ലംമുമ്പു ക്ഷീണിച്ചു മെലിഞ്ഞു രോഗശയ്യയിൽ കിടന്നിരുന്ന ആ ലക്ഷ്മിക്കുട്ടിയമ്മ. അവരിൽ യാതൊരു മാററവും വന്നിട്ടില്ല. നര മാത്രം കുറച്ചധികമായിട്ടുണ്ടോ എന്നു സംശയം. മുഖത്തിനും ഇന്നൊരു പ്രസന്നത വന്നിട്ടുണ്ടെന്നു പറയാം. അതും സൂക്ഷിച്ചുനോക്കിയാൽ മാത്രമെ മനസ്സിലാവുകയുള്ളൂ. ആ വൃദ്ധൻ അവരെ സൂക്ഷിച്ചുനോക്കി. ഉടനെ ഗോപീനാഥൻെറ മുഖത്തേക്കു നോക്കി. വീണ്ടും ലക്ഷ്മി

ക്കുട്ടിയമ്മയിൽത്തന്നെ അയാളുടെ ദൃഷ്ടി പതിഞ്ഞു. ഇങ്ങിനെ മാറിമാറി അവരെ രണ്ടുപേരേയും കുറേനേരം നോക്കിയ ശേഷം "അയ്യോ! ഇതെൻെറ പെന്നേമാൻെറ അമ്മയല്ലെ? താസിൽദാരേമാൻെറ. അമ്മെ, അമ്മെ! അമ്മേടെ ആ രാമനക്കുട്ടനെവിടെ? അയ്യോ! ആ കുട്ടപ്പനെ ഒരു കണ്ണു കണ്ടിട്ടു ചത്താൽമതിയാന്നു"എന്നിങ്ങിനെ പറഞ്ഞ് അയാൾ ഏങ്ങിയേങ്ങി വിലപിക്കുവാൻ തുടങ്ങി. അയാളുടെ കണ്ണിൽനിന്നു വെള്ളം ധാരധാരയായി ഒഴുകിത്തുടങ്ങി. ലക്ഷ്മിക്കുട്ടിയമ്മ അയാളെ സൂക്ഷിച്ചുനോക്കി, "രാമൻനായരോ?" എന്ന് അത്ഭുതത്തോടുകൂടി ചോദിച്ചു. അവർ വണ്ടിയിൽനിന്നിറങ്ങി. ഇതെല്ലാം കണ്ടു ഗോപീനാഥനും അത്ഭുതപ്പെട്ടു. "ഇയ്യാളാരാണമ്മേ!"എന്നു ഗോപീനാഥൻ ചോദിച്ചു.

ല. അ—ഇയ്യാൾ എൻെറ മോൻെറ അച്ഛൻെറ വീട്ടിലെ ഒരു വാലിയക്കാരനായിരുന്നു. ഒരുകാലത്ത് എന്നെ വലിയ സ്നേഹമായിരുന്നു. എൻെറ മോനെ എത്രകാലം ഇയ്യാൾ ചുമന്നോണ്ടു നടന്നിട്ടുള്ളതാണ്, ഈശ്വര!

രാ. നാ—"അയ്യെം! അമ്മേ! ഇതാണൊ ഗോപി? അമ്മേടെ ഗോപി ഇതാണൊ? ഈശ്വരാ! ഇനി ഇപ്പത്തന്നെ എൻെറ പ്രാണൻ പോയാൽ ഒരു വിരോതോല്യ. ഈശ്വരാ! ഈശ്വരനൊണ്ടൊ പക്ഷഃപതം? നല്ലവക്ക് നല്ലോണം വരാണ്ടെവിടെപ്പോണു! ഇതൊന്നും ആരും അറിയണില്ല. ഏമാന്നെ! കൊച്ചേമാന്നെ! രാമനെ തെററിധരിക്കല്ലെ. രാമനെ മറന്നാലും ആ പെൺകിടാവിനെ—ആ പാവത്തിനെ മറക്കരുതു കേട്ടോ. ഈശ്വരാ അവളിപ്പെ ഇവിഃടണ്ടാന്നെങ്കി—

ഗോപീനാഥൻ അയാളെ താങ്ങിപ്പിടിച്ചു കവിൾത്തടങ്ങളിൽക്കൂടി ഒഴുകിക്കൊണ്ടിരുന്ന ബാഷ്പധാരയെ കൈകൊണ്ടു തുടച്ചുകളഞ്ഞു.

ഗോ. നാ—രാമൻനായരെ! എനിക്കു നിങ്ങളെ കണ്ട ഓമ്മയില്ലാഞ്ഞിട്ടാണ് കേട്ടൊ. ഏതാണ് ആ പെൺകിടാവ് എന്നു രാമൻനായർ പറഞ്ഞത്? ആരെ ഉദ്ദേശിച്ചാണ്?

രാ. നാ—അയ്യോ! ഏമാനനൊന്നും അറിഞ്ഞിട്ടുണ്ടാവില്ല. ഏമാന്നുവേണ്ടി പ്രാണത്യാഗം ചെയ്ത ആ സാധുക്കുട്ടി പാവം! ഈശ്വരാ! അതിൻെറ ഇപ്പഴത്തെ കഥ—

ഗോ. നാ—ആരാണതു, രാമൻനായരെ! പറയൂ.

രാ. നാ—ഏമാൻെറ അച്ഛൻെറ വീട്ടിലെ ആ അമ്മിണിക്കുട്ടിയില്ലെ? അമ്മിണിക്കുട്ടി, ഏമാനൻ കണ്ടിട്ടുണ്ടാവുല്ലൊ. അതു, പാവം ഏമാന്നുവേണ്ടി എത്ര കഷ്ടപ്പെട്ടു. അന്നേ കഴുത്തിക്കിടന്നേേന്ന ചേൻ അഴിച്ചു പണയംവെച്ചിട്ടാണ് ഏമാൻെറ പരീക്ഷയ്ക്കു പീസ്സുകൊടുത്തെ. അതുകൊണ്ടല്ലെ ആ പാവത്തിനേം എന്നേം പുറത്താക്ക്യേ ആ രാമൻമേനോൻഏമാനൻ; ആ ദുഷ്ടൻ. എന്നിട്ടോ, ഇപ്പൊ ആ ഏമാൻെറ കഥയെന്താ. ഇതാണ് ഈശ്വരനൊണ്ടെന്നു പറയണെ.

ഗോപീനാഥൻ ലക്ഷ്മിക്കുട്ടിയമ്മയുടെ നേരെ തിരിഞ്ഞുനോക്കി. "അമ്മെ! അച്ഛൻെറ വീട്ടിലെ ആ അമ്മിണിക്കുട്ടിയെപ്പററിയാണൊ ഇയ്യാൾ പറയുന്നത്? ഞാനൊരുമിച്ച് അച്ഛനുള്ളപ്പോൾ കളിച്ചുനടന്നിരുന്നില്ലെ? ആ കുട്ടിയെ രാമേട്ടൻ വീട്ടിൽനിന്നു പുറത്താക്കിയെന്നു കേൾക്കേണ്ടായിട്ടുണ്ടല്ലൊ."

ല. അ—അതുതന്നെ എന്ന അൎത്ഥത്തിൽ തലകുലുക്കി. ഗോപീനാഥൻ വൃദ്ധനോടു വീണ്ടും ചോദിച്ചു. "അമ്മിണിക്കുട്ടിയാണൊ എന്റെ പേക്ക് എനിക്കുവേണ്ടി അന്നു ഫീസ്സടച്ചതു്?"

രാ. നാ—അതെ ഏമാനെ! ഞാനാണ് ആരും അറിയാണ്ടു പണ്ടം വാങ്കിൽ കൊണ്ടോയി പണയംവെച്ചു രൂപാ വാങ്ങി ഇസ്ക്കോളിക്കൊണ്ടോയികൊടുത്തെ. തലേ ദിവസെ, ഏമാനൻ രാമൻമേന്നേമാന്റെ അവിടെ വന്നു പണം ചോതിച്ചോണ്ടുനിന്നില്ലെ? അപ്പൊ കുട്ടീണ്ടാന്നു അവിടെ; ഞാനുണ്ടാന്നു ഏമാന്നെ! കുട്ടിക്ക് അവിടെ നടന്നതൊക്കെക്കണ്ടപ്പെണ്ടല്ലൊ, സഹിച്ചില്ല. ഞാനും കരഞ്ഞുപോയി ഏമാന്നെ! കുട്ടി എന്നോടെന്തും പറയും. ഏമാന്റേം മററും കഥ എന്നോടു കൂടെക്കൂടെ ചോദിക്കാറും പറയാറും ഉണ്ടാന്നു. കുട്ടി അന്നുതന്നെ അതിന്റെ കഴുത്തിക്കിടന്നേന്ന ചേനൊണ്ടല്ലൊ അതൂരി എന്റെ കയ്യിത്തന്നു. ആരും അറിയാണ്ട് അതു വാങ്കിക്കൊണ്ടോയിവെച്ചു രൂപാമേടിച്ചു ഇസ്ക്കോളിൽ കൊടുക്കണമെന്നു ചട്ടംകെട്ടി. ഏമാന്നേ അറിക്കണ്ടെന്നാ പറഞ്ഞെ. ഞാനതുപോലെ ഒക്കെ ചെയ്യേംചെയ്തു. പിന്നേം എത്ര എത്ര തവണ ആ പാവം ഏമാന്നുവേണ്ടി കഷ്ടപ്പെട്ടിട്ടുണ്ടെന്നൊ. അന്നൊരു ദിവസെ, അമ്പലക്കൊളത്തീന്ന് ഏമാന്നൊരു പൊതി കിട്ടീല്ലെ? അതാ കുട്ടീടെവകയാന്നു. ഞാനാണതു് അവിടെകൊണ്ടോന്നു വെച്ചെ. ഏമാനൻ അതു ഷ്ടേഷണിക്കൊണ്ടോയിക്കൊടുക്കാൻ പോയില്ലെ? ആ വിവരം അറിഞ്ഞു് അവളും കരെഴുത്തെന്റെ കയ്യിൽ തന്നയച്ചു. അതു വഴിക്കുവെച്ചു ഞാൻ ഏമാന്റെ മുമ്പിലേക്കു വലിച്ചെറിഞ്ഞുതന്നതു് ഏമാനൻ ഓക്കുന്നുണ്ടാവൂല്ലൊ ഇല്ലെ? പിന്നെ ഏമാ

ൻെറ വീട്ടിൻെറ ഏറേത്ത് ഒരു ദിവസം ഒരു മുറുക്കാൻ പോതീം അതിൽ കൊറെ ചില്ലാനൊം ഇരുന്നേനില്ലെ? അതും അമ്മിണിക്കുട്ടി താന്നയച്ചിട്ട ഞാൻ രാത്രി അവിടെ കൊണ്ടോന്നിട്ടിട്ട പോന്നതാ. അങ്ങിനെ എന്തെല്ലാം; എത്രവട്ടം; ശിവ ശിവ! ഏമാന്നെ! ഏതെല്ലാം തരത്തിലാണ് ആ കുട്ടി ഏമാന്നുവേണ്ടി ബുദ്ധിമുട്ടീട്ടുള്ളതെന്നൊ. ഇതൊന്നും ആരേം അറിക്കാനും പടില്ലല്ലൊ. അറിച്ചാപ്പിന്നെണ്ടൊ അന്തൊരു വച്ചേക്കണു. അതു പേടിച്ചിട്ടാണ്. എന്നിട്ടൊട്ടക്കോ! ഇതൊക്കെ അല്ലാ—ആ ചേനിൻെറ കാര്യോണ്ടല്ലൊ—അതേമാനൻ—രാമനേമാനൻ—അറിഞ്ഞുവശായി. വാങ്കിച്ചെന്നപ്പോ അവരെങ്ങാണ്ടൊ പറഞ്ഞതൊ മറെറാ ആണ്. അവിടന്നേഷിച്ചന്നേഷിച്ച കാന്നോര് എല്ലാം അറിഞ്ഞു. അതുകാരണം ആദ്യം എന്നെ അടിച്ച പുറത്താക്കി. അന്നത്തെ ഒരിടി ഈ മാറത്തു കൊണ്ടേൻെറ വഹയാണ് ഏമാന്നെ! ഈ ചൊമ. ഇതിന്നീണ്ടൊ മാറാനൊ മറെറാ പോണു. രാമൻെറ കാര്യോക്കെ പരുങ്ങലുതന്നെ. അതു പോട്ടെ വയസ്സായില്ലെ? ആ പെൺകിടാവിനെ തല്ലിപ്പുറത്താക്കി അതാണക്രമം. അതിനെ എന്തൊക്ക്യാ പറഞ്ഞെന്നൊരവസാനോം മറവുംല്ലാ. ഈശ്വരാ! അതിന് അമ്മയുല്ല്യ, അച്ഛനുല്ല്യ. പിന്ന്യാരാ തടസ്സംപറയാൻ? പോരെങ്കി, ആ വല്ല്യേമാനൻ ചുണ്ടികടിച്ചാ വീട്ടിലുള്ളോരൊക്കെ പൂച്ചേക്കണ്ട എലികളല്ലെ? എന്തിന് ആ കുട്ടീം തെണ്ടിത്തിരിയേണ്ടിവന്നു. പാക്യംകൊണ്ടൊണ്ടല്ലൊ ഏമാന്നെ അതു വഴിക്കുവെച്ച എൻെറ കണ്ണിൽപ്പെട്ടു. ഈശ്വരാതീനമായെന്നു വിജാരിച്ചു ഞാനാണ് പിന്നെ അതിനേംകൊണ്ടു നടന്നെ. ഇപ്പ്, ദെ, അതു പാവം രാപകലു മുട്ടം പണിടത്തുകഴിയണു. നല്ലൊരു

ഒപെൺകിടാവ്. എന്നെണ്ടോ വിടണു? അതും സമ്മതിക്കില്ല. എൻെറ ഭാരോം. വിഷമിച്ചു ഏമാന്നെ! ഏമാനൻ അതു മറക്കാണ്ടിരുന്നാമതി.”

ഇടക്കിടയ്ക്കു ചുമച്ചും മൂക്കിയും മൂളിയുമാണ് രാമൻനായർ ഇത്രയും പറഞ്ഞത്. അയാളുടെ കഥാകഥനം കേട്ടു ഗോപീനാഥനും ലക്ഷ്മിക്കുട്ടിയമ്മയും മതിമറന്നുനിന്നുപോയി. കുറേനേരത്തേക്ക് ആരും ഒന്നും സംസാരിച്ചില്ല. അതിന്നു ശേഷം ഗോപീനാഥൻ ആ വൃദ്ധനെ പിടിച്ചു കാറിൽ കയററിയിരുത്തി. അയാഠം പല തടസ്സങ്ങളും പറഞ്ഞുനോക്കിയെങ്കിലും അതൊന്നും ഗോപീനാഥൻെറ അടുക്കൽ ഫലിച്ചില്ല.

ഗോ. നാ—രാമൻനായരെ! അമ്മിണിക്കുട്ടിയെ ഇപ്പോഠംതന്നെ കാണിച്ചുതരണം.

രാ. നാ—“ഒ ഏമാനേ! ആ കാണുന്നില്ലേ ഒരു വല്യെ മാളിക. അതൊരു ജഡ്ജിഏമാൻെറയാണ്. അമ്മിണിക്കുട്ടി അവിടെയാണ് താമസിക്കണെ” എന്നു ചൂണ്ടിക്കാണിച്ചു പറഞ്ഞു.

അരനിമിഷത്തിന്നകം കാർ ജഡ്ജിയുടെ ബംഗ്ലാവിൻെറ പടിക്കൽ ചെന്നുനിന്നു. ഗോപീനാഥൻ കാറിൽ തന്നെയിരുന്നുകൊണ്ട് അമ്മിണിക്കുട്ടിയെ കൂട്ടിക്കൊണ്ടുവരുവാൻ രാമൻനായരെ പറഞ്ഞയച്ചു. അപ്പോഠം ജഡ്ജി ആ വഴിക്കു നടന്നുവരുന്നുണ്ടായിരുന്നു. ഗോപീനാഥൻ ജഡ്ജിയോടു സകലവത്തമാനങ്ങളും പറഞ്ഞ് അമ്മിണിക്കുട്ടിയെ വിട്ടയയ്ക്കണമെന്നപേക്ഷിച്ചു. അല്പസമയത്തിന്നുള്ളിൽ ജഡ്ജിയും ഭാൎയ്യയും കുട്ടികളും അമ്മിണിക്കുട്ടിയെ പറഞ്ഞയയ്ക്കുന്നതിലുള്ള വ്യസനം ഒരു ഭാഗത്തും അവളുടെ ശ്രേയസ്സിനെ വിചാരിച്ചുണ്ടായ സന്തോഷം മറെറാരു ഭാഗത്തും ശക്തിയോടെ തട്ടിയതു

നിമിത്തം കണ്ണുകളിൽ നിറഞ്ഞ ജലകണങ്ങളെ വക വെക്കാതെ ആ പെൺകുട്ടിയെ—അമ്മിണിക്കുട്ടിയെ—നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു പണ്ടങ്ങളണിയിച്ചു ഗോപിനാഥൻെറയും ലക്ഷ്മിക്കുട്ടിയമ്മയുടേയും നടുവിലായിട്ടു കാറിൽ കയററിയിരുത്തി. രാമൻനായർ ഡ്രൈവരുടെ അടുത്തും സ്ഥലംപിടിച്ചു. സന്തോഷം സന്താപം കൃതജ്ഞത ലജ്ജ മുതലായ വിവിധവികാരങ്ങൾക്കു വിധേയയായ ആ യുവതി ഇടവിടാതെ ഒഴുകിക്കൊണ്ടിരുന്ന അശ്രുധാരകളെ അപ്പടിക്ക് ഒഴുകിക്കൊള്ളുവാൻ അനുവദിച്ചുകൊണ്ടു മുഖം താഴ്ത്തി ആ കാറിൽ ഗോപീനാഥൻെറ സമീപത്തു മൌനമായി ഇരുന്നു. അന്നു നടന്നതെല്ലാം ഒരു സ്വപ്നമാണെന്നു വിചാരിച്ചുകൊണ്ടിരുന്ന ആ സുശീല മനോരാജ്യത്തിൽനിന്നുണന്നു തല പൊക്കി നോക്കിയപ്പോൾ അതിമനോഹരമായ ഒരു ബംഗ്ലാവിൻെറ പടിക്കലെത്തിയതായും അതിലിരുന്നവരെ എതിരേല്പാൻ തയ്യാറായിക്കൊണ്ടു സൌന്ദര്യവതിയായ ഒരു ബാലിക മന്ദഹാസത്തോടുകൂടി കാറിൻെറ അരികത്തു നില്ക്കുന്നതുമാണ് കണ്ടത്. ബംഗ്ലാവു ഗോപീനാഥൻെറയും ബാലിക ഓമനയുമായിരുന്നെന്നു പറയേണ്ടതില്ലല്ലൊ.

(തുടരും)

എം. ജി. കൃഷ്ണമേനോൻ.

---

## സർദാർ കെ എം. പണിക്കരുടെ
## കവിതാതത്വനിരൂപണം

(ഒരു വിമശ്നം)

സർദാർ കെ. എം. പണിക്കർ ഈയ്യിടെ പ്രസിദ്ധപ്പെടുത്തിയ 'കവിതാതത്വനിരൂപണം' എന്ന ചെറിയ

ഗദ്യഗ്രന്ഥം കവിതാശാസ്ത്രത്തിന്നു് ഒരു ഗണ്യമായ നേട്ടംതന്നെയാണെന്നു് അതു വായിച്ചവർ ആരും സമ്മതിക്കുന്നതാണു്. അതിൽ കവിതാതത്വചിന്തകന്മാരുടെ സശ്രദ്ധമായ ചർച്ചയ്ക്കു വിഷയീഭൂതമായി പല കാൎയ്യങ്ങളും പ്രതിപാദിച്ചിട്ടുണ്ടു്. ശ്രീമാൻ പണിക്കരുടെ അത്ഭുതാവഹമായ പരിശ്രമശീലത്വവും പൎയ്യാലോചനാശക്തിയും അതുപോലെതന്നെ വിപുലമായ ഗ്രന്ഥപരിചയവും സംഭരണനൈപുണ്യവും അനുമോദനീയംതന്നെ. ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ പേർ ഒന്നുരണ്ടൊന്നുമല്ല. ആദ്യന്തം പ്രകടിപ്പിച്ചിട്ടുള്ള മലയാളഭാഷയോടുള്ള സ്നേഹവും ബഹുമതിയും ആശ്വാസകരവും അഭിനന്ദനീയവുമായിരിക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും അദ്ദേഹം ഈ ഗ്രന്ഥത്തിൽ കാണിച്ചിരിക്കുന്ന അനാശാസ്യമായ ആത്മവിശ്വാസവും അക്ഷമമായ 'താൻപ്രമാണിത്വവും' കുറെ ഏറിപ്പോയിരിക്കുന്നു എന്നു പലൎക്കും തോന്നാവുന്നതുമാകുന്നു. അദ്ദേഹം തന്നെ മുഖവുരയിൽ ഇപ്രകാരം പറയുന്നു. "ഞാൻ യൂറോപ്പിൽ പഠിക്കുന്നകാലംമുതൽ ഒരു പത്തുവൎഷം മുമ്പുവരെ ഭാഷാസാഹിത്യത്തെപ്പററി മാസികകളിലും മുഖവുരകളിലും പല അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. മിക്കവാറും യൂറോപ്യൻരാജ്യങ്ങളിൽ താമസിച്ചു വിദ്യാഭ്യാസംചെയ്തിരുന്ന എൻെറ അക്കാലത്തെ അഭിപ്രായങ്ങൾ ഭാഷാസ്വരൂപം സൂക്ഷ്മമായി മനസ്സിലാക്കാതെയും നമ്മുടെ സാഹിത്യപാരമ്പൎയ്യത്തിൻെറ ശക്തി അറിയാതെയുമായിരുന്നു എന്നു് ഇപ്പോൾ ഞാൻ സമ്മതിക്കുന്നു........ഭാഷാസാഹിത്യവുമായി അടുത്തുപരിചയപ്പെടുന്നതിന്നു് എനിക്കു ചെറുപ്പകാലത്തു സാധിച്ചില്ല........ ഇംഗ്ലണ്ടിൽനിന്നു മടങ്ങിവന്ന ശേഷമാണു് കാൎയ്യമായി

മലയാളഭാഷതന്നെ പഠിക്കുവാനാരംഭിച്ചത്........ഭാഷയിലുള്ള പ്രാചീനഗ്രന്ഥങ്ങൾ ശ്രദ്ധയോടെ വായിക്കുന്നതിന്നും പഠിക്കുന്നതിന്നും ആരംഭിച്ചു. ഇങ്ങിനെ........ഭാഷാകവിതയെപ്പററി മുമ്പ് എനിക്കുണ്ടായിരുന്ന അഭിപ്രായങ്ങളും രൂപാന്തരപ്പെട്ടുവന്നു."

ഈ സ്ഥിതിക്ക് ഒരു പത്തുകൊല്ലം കൂടി ഇല്ലെങ്കിലും, കുറച്ചുകൊല്ലമെങ്കിലും ഇന്നിയും വായിക്കുകയും വിചന്തനംചെയ്യുയും ചെയ്തിട്ട് ഇപ്പോൾ പ്രകാശിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾക്കു വ്യത്യാസംവരുന്നുണ്ടോ എന്നു പരീക്ഷിച്ചിട്ടു മതിയായിരുന്നു ഈ ഗ്രന്ഥം പുറത്തുവിടുവാൻ. എന്നാൽ കാലംകൊണ്ടും ജ്ഞാനംകൊണ്ടും ഈ അഭിപ്രായങ്ങൾക്കു പരിപാകതയും രൂപാന്തരതയും വരില്ലായിരുന്നോ? വിമോഹം വിചിന്തനമായിത്തീന്ന് അതു വാസ്തവമായി സ്വീകരിച്ചു സിദ്ധാന്തമായി പ്രദശിപ്പിച്ചിട്ടുള്ളത് അവിടെയിവിടെ കാണാവുന്നതാണ്. അത്തരം ന്യൂനതകൾക്ക് ഈ ഗ്രന്ഥകത്താവിന്ന് ഒരു കവിത വായിച്ചുകഴിഞ്ഞാൽ അപ്പോൾ ഉള്ളിൽ ആദ്യമായിത്തോന്നുന്ന അഭിപ്രായം അഥവാ വികാരമാണ് കാരണമെന്നു തോന്നുന്നുണ്ട്. സാവധാനത്തിൽ ക്ഷമയോടെ സാവകാശമായി ആ വികാരത്തിൻെറ ചൂട് ആറിയ ശേഷം അതു പരിശോധിച്ചിരുന്നെങ്കിൽ ശ്രീമാൻ പണിക്കർതന്നെ അതിൻെറ ന്യൂനതയെ കണ്ടറിഞ്ഞു തീക്കുവാൻ കഴിഞ്ഞേനേ. അങ്ങിനെയുള്ള ന്യൂന.തകളിൽ ചിലതെടുത്തുകാണിക്കുവാനാണ് ഈ ലേഖനം ഉദ്ദേശിക്കുന്നത്; അതും അദ്ധ്യായംപ്രതി വിമശിക്കുവാനാണ് ഭാവിക്കുന്നത്.

ആദ്യത്തെ അദ്ധ്യായത്തിൽ കവിതയുടെ സാമാന്യനിരൂപണമാണ്. ഇപ്പോൾ പാശ്ചാത്യമാതൃകകളേ

യും ബംഗാളി, പേഷ്യൻ മുതലായ മററുപലമാതൃകകളേയും അനുകരിച്ചു രചിക്കുന്ന കവിതകളെ സാഹിത്യസാമ്രാജ്യത്തിലെ നപുംസകങ്ങളായിത്തള്ളി 'ഭേഗഗീത'യെന്ന് അധിക്ഷേപിച്ചതുകൊണ്ടു സമാധാനിക്കാനും സാധിക്കുന്നതല്ല എന്നു പറഞ്ഞിരിക്കുന്നതിലെ വ്യംഗ്യവും അതിൻെറ ലക്ഷ്യവും സ്പഷ്ടമാണല്ലോ. ഭേകഗീത, അഥവാ തുറന്നുപറകയാണെങ്കിൽ ഭേകഗാഥ, കുറിച്ചിരിക്കുന്ന ചിത്രത്തെപ്പററി അപഹസിക്കുകയോ അട്ടഹസിക്കുകയോ ചെയ്താലും അതുകൊണ്ട് അതിന് ഒരു കുറവും കുറവും വരുന്നതല്ല. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുഴുവനും ഉള്ളറിഞ്ഞു ഗ്രഹിച്ചിട്ടുള്ളവക്ക് ഏതുമാതൃകയെ അനുസരിച്ചു ചമച്ച സൽകൃതിയേയും അത് അല്പംപോലും നിന്ദിച്ചിട്ടില്ലെന്നും എന്നാൽ "പൊട്ടശ്ലോകങ്ങളുണ്ടാക്കും ദുഷ്ടക്കൂട്ടം" നശിക്കുവാൻമാത്രം വടിയെടുക്കുന്നതെയുള്ളു എന്നും സുവിദിതമാകുന്നതാണ്. മാതൃക ഏതായാലും കവിത സഹൃദയഹൃദയാവജ്ജകമാകണം, രസാത്മകമാകണം അല്ലാതെ മാതൃക പുതുതാണെന്നു മാത്രംവെച്ചു 'കവിത'യില്ലാത്തകവിത നന്നെന്നു പറഞ്ഞാൽ അതു കാന്താരരോദനംതന്നെയായിത്തീരുകയേയുള്ളു. ചായവും ഫലകവും അതിവിശിഷ്ടമായാലും വാസനയില്ലാത്ത ചിത്രകാരമ്മന്യൻെറ ചിത്രം കണ്ടാനന്ദിക്കുവാൻ ആരുണ്ടാകും? അതാണ് —അത്രമാത്രമേ ഉള്ളതാനും—ഭേകഗീതാരഹസ്യം. പക്ഷെ തനിക്കിഷ്ടമുള്ള ചില കവിതകൾ കഷ്ടകാലംകൊണ്ട് ഈ ഗീതയുടെ ഖണ്ഡനത്തിനു പാത്രമായിട്ടുണ്ടെന്നുള്ള ശങ്കകൊണ്ടാണ് ഈ ഗീതയുടെനേരേ കയക്കുന്നതെങ്കിൽ, അതു പക്ഷപാതംമാത്രമായിത്തീരുന്നതല്ലാതെ തത്വാവബോധകമാകയില്ലെന്നൊന്നേ ചുരുക്കി പറവാനുള്ളു.

രണ്ടാമദ്ധ്യായത്തെ സംബന്ധിച്ചിടത്തോളം വളരെയൊന്നും പറയുവാനില്ല. പ്രധാനമായ ചില സംഗതികൾകൂടി വരുത്തേണ്ടതായിരുന്നു എന്നുമാത്രമേ പറയുവാനുള്ളു. പാശ്ചാത്യകവിതയും ഭാരതീയകവിതയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്ന വിഷയത്തെപ്പററിപ്പറയുന്ന ഈ അദ്ധ്യായത്തിൽ, മാന്യഭാരതമഹാകവി രവീന്ദ്രനാഥടാഗ്ഗൂർ അദ്ദേഹത്തിൻെറ ശാകുന്തളനിരൂപണത്തിലെ അവതാരികയിൽ കൊടുത്തിരിക്കുന്ന അഭിപ്രായങ്ങൾ പ്രസ്തുതഗ്രന്ഥകത്താവു് ഒന്നു വായിച്ചാൽ ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങളിൽ ചിലതിന്നു മഹത്തായ മാററം അദ്ദേഹംതന്നെ വരുത്തുമെന്നുള്ളതാണ്.

നമുക്കു മൂന്നാമത്തെ അദ്ധ്യായത്തിലേക്കു കടക്കുക. "മാനോക്കൊത്തു വളന്നു"എന്ന കേരളകാളിദാസൻെറ സുപ്രസിദ്ധശ്ലോകം പകത്തിയിരിക്കുന്നതിൽ വരുത്തിയിരിക്കുന്ന പിഴ "ഗ്രഹിക്കാത്തൊരാൾ ആണോ" ഗ്രന്ഥകത്താവിൻെറതാണെന്നു വിശ്വസിക്കുവാൻ വഴികാണുന്നില്ല. ശകുന്തളയെപ്പററി നായകൻ ഇത്രയൊക്കെ വിദൂഷകനോടു പറഞ്ഞിട്ടു പിന്നെ അവളെ ഏതൊ ഒരാൾ എന്നു നിർവ്വചിക്കുന്നതു രസത്തിന്നു ഭംഗംവരുത്തുന്നതല്ലേ? രണ്ടാമത്തേ പാഠം തുടങ്ങുന്ന "ആണോ" എന്ന പദത്തിലെ ശ്ലേഷാത്ഥം കുറച്ചു ഗ്രാമ്യവുമല്ലേ? "രസാത്മകമല്ലാത്ത കാവ്യവും വണ്ണസങ്കലനംകൊണ്ടു കാവ്യമായിത്തീരാം." എന്നു പറയുന്നു. 'വണ്ണം'എന്ന പദത്തിൻെറ ശരിയായ വിവക്ഷിതാത്ഥം തെളിവാകുന്നില്ലെന്നുള്ളതിരിക്കട്ടെ. അക്ഷരഘടനയെന്നോ അഥവാ ആലേഖനനിറങ്ങളെന്നോ ആയിരിക്കാം വിചാരിച്ചിരിക്കുന്നത്. രണ്ടായാലും വണ്ണത്തിന് ഈ രണ്ടത്ഥത്തിൽ

ഏതു കല്പിച്ചാലും പറഞ്ഞിരിക്കുന്ന അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. രസമെന്നാൽ എന്താണ് എന്ന പ്രാഥമികതത്വംമറന്നിട്ടാണ് ഇങ്ങിനെ അഭിപ്രായപ്പെട്ടിട്ടുള്ളത്. "യേന മാദ്യന്തി ധീമന്തോ മധുനേവ മധുവ്രതാഃ"—അതാണ് രസം. അതു വേണ്ടവിധത്തിലുള്ള വൎണ്ണസങ്കലനംകൊണ്ടുണ്ടാകുന്നില്ലേ? കൊടുത്തിരിക്കുന്ന ഉദാഹരണംതന്നെ നോക്കുക. ഈ വൎണ്ണനയ്ക്കു മനോഹരതയുണ്ടെന്നു ഗ്രന്ഥകാരൻതന്നെ പറയുന്നതോടുകൂടി രസമില്ലെന്നും അഭിപ്രായപ്പെടുന്നത് അന്യോന്യവിരുദ്ധമാകുന്നു. ആദ്യത്തെ സ്വഭാവോക്തിയും അതിനോടു തുടൎന്ന ഉപമയും അലങ്കാരങ്ങളല്ലെന്നുണ്ടോ? എന്നാലും ഇതിലെന്താണ് അലങ്കാരമുള്ളതെന്നു ചോദിച്ചിരിക്കുന്നു. വിശേഷിച്ച ശബ്ദഗുണമില്ലെന്നു വിധിച്ചിരിക്കുന്നതും സ്വീകരിക്കുവാൻ സമ്മതമാവുന്നില്ല. അശിഥിലത്വം, സമത്വം, സുകുമാരത എന്ന ശബ്ദഗുണങ്ങൾ ഇതിൽ പ്രസ്പഷ്ടമായി തിങ്ങിവിളങ്ങിനില്ക്കുന്നുണ്ടല്ലോ. ഈ പറഞ്ഞതുതന്നെ പിന്നീടുദ്ധരിച്ചിട്ടുള്ള മൂന്നു ഭാഗങ്ങൾക്കും ചേരുന്നതാണ്. രസവും ഹൃദയചമല്ക്കാരകാരകവും ഒന്നല്ലെന്നും ശൎമ്മിഷ്ഠാവൎണ്ണനയിൽ അലങ്കാരമൊന്നുമില്ലെന്നും "കുളുർകുവലയമാലാ. വിഭ്രമം" എന്ന വിശേഷണം വെറും സങ്കലനംമാത്രമാണെന്നും പറയുന്നത് എങ്ങിനെ സ്വീകരിക്കും? നാലാമത്തെ അദ്ധ്യായത്തിൽ ഭാഷാസ്വാതന്ത്ര്യം സംസ്കൃതവൃത്തങ്ങൾക്കു ചേൎന്നതല്ലെന്നും 'മഞ്ജുളനമ്രിയവും' 'ആശാന്റെ കരുണയും' പരമേശ്വരയ്യരുടെ 'പിംഗളയും' അവതരിച്ചപ്പോൾ ദ്രാവിഡവൃത്തങ്ങൾക്കു ഭാഷയിലുണ്ടാകേണ്ട സ്ഥിതി വന്നുചേൎന്നുവെന്നും അഭിപ്രായപ്പെട്ടുകാണുന്നു. ആദ്യമായി ആശാന്റെ കരുണ മഞ്ജരിയിൽ അല്ല, നതോന്നതയിലാണ് രചിച്ചിട്ടുള്ള

ത് എന്നു പറഞ്ഞുകൊള്ളട്ടെ. അടുത്തുതന്നെ ഇങ്ങിനെയും പറയുന്നു "സംസ്കൃതവൃത്തങ്ങളിൽ" സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം, മന്ദാക്രാന്ത, മാലിനി, വസന്തതിലകം മുതലായി ചിലതിനെല്ലാം ഭാഷയിൽ സ്ഥിരപ്രതിഷ്ഠ മലയാളസാഹിത്യമുണ്ടായകാലംമുതൽ ലഭിച്ചിട്ടുള്ളവയാണ്. ആ സ്ഥിതിക്ക് അവയെ വിദേശ്യവൃത്തങ്ങളായി ഗണിക്കുവാൻ പാടുള്ളതല്ല. വാസ്തവത്തിൽ അവ മലയാളവൃത്തങ്ങളായിത്തീരുകയും ചെയ്തിട്ടുണ്ട്" എങ്ങിനെയാണ് ഇവ മലയാളവൃത്തങ്ങളായിത്തീരുന്നത്? സംസ്കൃതഛന്ദോനിബന്ധനകൾ ഇവയെസംബന്ധിച്ചിടത്തോളം ഭാഷയിൽ കവിത ഈ വൃത്തങ്ങളിൽ എഴുതുമ്പോളും മാറുന്നുണ്ടോ? അവ അന്നും, ഇന്നും, എന്നും സംസ്കൃതവൃത്തങ്ങൾതന്നെയാണെന്നു പറയാതെ നിവൃത്തിയില്ല. വീണേടത്തു കിടന്നു ഉരുളുന്നതുകൊണ്ടു ഗുണവുമില്ല. 'വസന്തതിലകം മുതലായി' 'സ്രഗ്ദ്ധരാദിവൃത്തങ്ങളുടെ മൌക്തികത്വം' 'വസന്തതിലകം മുതലായ വൃത്തങ്ങളെ' എന്നെഴുതിയിരിക്കുന്ന ദിക്കുകളിൽ ആദി, മുതലായ എന്നതുകൊണ്ടു മറ്റേതെല്ലാം സംസ്കൃതവൃത്തങ്ങൾകൂടി അവകൊണ്ടു വിവക്ഷിക്കുന്ന പരിധിയുടെ ഉള്ളിൽ ചേർത്തിട്ടുണ്ടെന്നു വിശദമാകുന്നില്ല. "ഇതിൽ കവിഞ്ഞു ഛന്ദശ്ശാസ്ത്രത്തിൽ കാണുന്ന വൃത്തങ്ങൾ ഭാഷയിൽ പകർത്തുകയാണ് വയ്യാത്തത്—എന്ന് അഭിപ്രായപ്പെടുന്നതിൻെറ അർത്ഥം എല്ലാംകൂടി ആലോചിക്കുമ്പോൾ വന്നുചേരുന്നതു ശ്രീമാൻ പണിക്കർക്കു പിടിക്കാത്ത വൃത്തങ്ങൾ നന്നല്ലെന്നും അദ്ദേഹം അനുഗ്രഹിച്ചിരിക്കുന്നവ മാത്രം സ്വീകാരയോഗ്യമാണെന്നുമാണ്. പോര, അവ സംസ്കൃതവൃത്തങ്ങളല്ലെന്നും വളരെക്കാലത്തെ പ്രയോഗംകൊണ്ട് ഇപ്പോൾ ഭാഷാവൃത്ത

ങ്ങളാണെന്നുംകൂടി ഒരുവിധി കല്പിച്ചിരിക്കുന്നു. വിചിത്രം! തമിഴ്, കർണ്ണാടകം മുതലായ ഭാഷകളിൽനിന്നും നമുക്കു ചേരുന്ന വൃത്തങ്ങൾ ഭാഷയിൽ കൊണ്ടുവരണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതിൽ "ചേരുന്ന" എന്നതിൻെറ പരിധിയും പരിമിതിയും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കും ചില സംസ്കൃതവൃത്തങ്ങൾമാത്രമേ സ്വീകാൎയ്യമായിട്ടുള്ളുവെന്നു കല്പിച്ചിരിക്കുന്ന സ്ഥിതിക്കും ഗ്രന്ഥകാരൻതന്നെ അവയിലെ "ചേരുന്ന" വൃത്തങ്ങളെ അനുഗ്രഹിച്ചു കാണിച്ചുതരേണ്ടതായിരുന്നു എന്നു തോന്നുന്നുണ്ട്. "ഗമനവൎത്തമാനം കേട്ടു വിഷാദിച്ചു" എന്നതു മലയാളവൃത്തമല്ല; ഒരുപക്ഷേ, തമിഴോ, കർണ്ണാടകമോ ആയിരിക്കുമോ ആവോ? "മഞ്ജരി, പാന എന്നീ രണ്ടുമൂന്നു വൃത്തങ്ങളോടുമാത്രം നമ്മുടെ കവികൾ പ്രതിപത്തി കാണിക്കുന്നത് അവൎക്കു ഭാഷാവൃത്തശാസ്ത്രജ്ഞാനമില്ലെന്നു മാത്രമെ കാണിക്കുന്നുള്ളു" വത്രെ! ഇങ്ങിനെ നമ്മുടെ കേൾവികേട്ട കവികളെ ഒന്നിച്ചു കൂട്ടിപ്പിടിച്ചു കുററംപറയുന്നത് ആൎക്കും എളുപ്പത്തിൽ ചെയ്യാവുന്നതാണ്. പക്ഷേ അങ്ങിനെയുള്ള ഉച്ചൈരുച്ചരിതത്തിൻെറ നിലയും വിലയും "അങ്ങിനെതന്നെ."

അഞ്ചാമത്തെ അദ്ധ്യായത്തിൽ അനൌചിത്യവിചാരമാണ്. രസത്തിനു ഹാനിവരുത്തുന്ന എല്ലാസംഗതികളും അനൌചിത്യമാണെന്നു പറഞ്ഞതിനു ശേഷം അതു വാക്കിലും അലങ്കാരത്തിലും സന്ദൎഭത്തിലും രസത്തിലും വൃത്തത്തിലും വരാമെന്നും ചേൎത്തിരിക്കുന്നു. രണ്ടാമതു പറഞ്ഞിരിക്കുന്ന രസം ആദ്യത്തേതല്ലേ? ആണെങ്കിൽ ലക്ഷണം ശരിയായിട്ടില്ല. എന്തെന്നാൽ അപ്പോൾ അലങ്കാരാദികളിൽ വരുന്ന അനൌചിത്യം രസഹാനിക്കുതകുന്നതല്ലെന്നുവരുന്നുണ്ട്. അല്ലെങ്കിൽ രണ്ടാമത്തെ രസം ഇന്നതെന്നു വിശദമായി നിൎവ്വചി

ക്കേണ്ടതായിരുന്നു. അലങ്കാരങ്ങളിൽ വരുന്ന അനൌചിത്യം ആലങ്കാരികന്മാർ അലങ്കാരശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതു നോക്കുവാനാണ് ആദേശിച്ചിരിക്കുന്നത്. പ്രാസത്തിന്റെ കാൎയ്യംമാത്രമെ ഇതിൽ ആലോചിക്കുന്നുള്ളു. എന്നാൽ ആദ്യത്തെ അദ്ധ്യായത്തിൽ സംസ്കൃതാലങ്കാരികന്മാരുടെ മാതൃകകൾകൊണ്ട് അളക്കുന്നതു ശരിയാകുന്നതല്ലെന്നു പറഞ്ഞിരിക്കുന്നത് ഇതോടു കൂട്ടി ആലോചിച്ചാൽ വിരുദ്ധമല്ലേ? എന്തെന്നാൽ നമ്മുടെ അലങ്കാരശാസ്ത്രങ്ങൾ സംസ്കൃതാലങ്കാരശാസ്ത്രങ്ങളെ ആസ്പദമാക്കി എഴുതീട്ടുള്ളവയാണ്. ആ ഖണ്ഡികയിൽതന്നെ 'നളചരിതം ചമ്പു' എന്നു പറഞ്ഞിരിക്കുന്നതു 'ഭാഷാനൈഷധചമ്പു'വിന്നു ഗ്രന്ഥകാരൻ കൊടുത്തിട്ടുള്ള പേരാണോ? ഗിരിജാകല്യാണാദി കൃതികളുടെ ശബ്ദധാടിയിലാണ് 'കാവ്യരസികന്മാർ' രസിച്ചുപോകുന്നത് എന്ന വാക്യത്തിൽ 'അവഗാഹവും സഹൃദയത്വവും കുറഞ്ഞ കാവ്യരസികന്മാർ' എന്നു പറഞ്ഞാൽ കഷ്ടിച്ചു സ്വീകരിക്കാം. ഈ സന്ദൎഭത്തിൽ ശ്രീമാൻ പണിക്കരോടു ഗിരിജാകല്യാണത്തിന്നു ഉള്ളൂർ എഴുതിയിരിക്കുന്ന അവതാരിക വായിച്ചാൽകൊള്ളാമെന്നപേക്ഷിച്ചുകൊള്ളുന്നു. "പ്രേമസംഭാഷണങ്ങളിലും ഉപചാരവാക്യങ്ങളിലും കററശ്ലോകങ്ങളിലും ഉചിതമായ മററുസ്ഥലങ്ങളിലും സവിശേഷം ശോഭിക്കും" എന്നതിൽ കാണുന്ന മററുസ്ഥലങ്ങൾ ഏവ? "ഔചിത്യം ഉചിതമായ പ്രയോഗങ്ങളിൽ" എന്നു പറയുന്നതുകൊണ്ട് ഒരു വെറും ദുർവൃത്തത്തിലുള്ള വാദമല്ലേ? അതിന്നു വല്ല അൎത്ഥമോ തത്വമോ ഉണ്ടോ? ഉപചാരവാക്യങ്ങളിൽ വിനോദപ്രദമായ ശ്ലേഷവും ഭയഭക്തിബഹുമാനാഭാവവും എങ്ങിനെ യോജിക്കും? സനന്മോപചാരങ്ങളിൽ

ചേരുന്നത ണെന്നായിരിക്കുമോ ഉദ്ദേശിച്ചിരിക്കുന്നത്? രസവും വിഷയവും മററും ഗണിക്കാതെ ഏതൊററശ്ലോകത്തിലും ശ്ലേഷമാകാം എന്നു പറഞ്ഞാൽ അദ്ധ്യായത്തിൽ ആദ്യം കൊടുത്തിട്ടുള്ള ഔചിത്യലക്ഷണത്തോടുകൂടി അതു യോജിക്കുന്നതാണോ? "നമ്മുടെ ചമ്പുക്കളിലും അതിപ്രസംഗം എന്ന ദോഷം ധാരാളമായിക്കാണാം" എന്ന് അതിപ്രസംഗംകൊണ്ട് അനൌചിത്യംവരാം എന്ന വിഷയത്തെ പ്രതിപാദിച്ചിരിക്കുന്ന ദിക്കിൽ പറഞ്ഞിരിക്കുന്നു. ഉദാഹരണമായി രാമായണചമ്പുവിൽനിന്നു ലളിതശൂൎപ്പണഖയുടെ വൎണ്ണനയും കൊടുത്തിരിക്കുന്നു. മാലോപമയും അതിൻെറ ആസ്വാദ്യതയും ആവശ്യവും അറിയാതേകണ്ടായിരിക്കാം ഇങ്ങിനെ പറഞ്ഞിരിക്കുന്നത്. പ്രസ്തുത ഉദാഹരണത്തിൽത്തന്നെ തലമുടി മേഘത്തിനോടുപമിച്ചിട്ടുള്ളത് അത് ഇരുണ്ടതാണെന്നും, പനങ്കുലയോടുസാമ്യപ്പെടുത്തിയതുകൊണ്ട് അതു നീണ്ടു കനത്തതാണെന്നും കാണിക്കുവാനാണ്. ഓരോ ഉപമയും, വൎണ്ണിച്ചിരിക്കുന്ന അംഗത്തിൻെറ സുഭഗതയുടെ ഓരോ ഭാഗത്തെ വൎണ്ണിക്കുകയാണ് ചെയ്തിട്ടുള്ളത്. പോരെങ്കിൽ രണ്ടാമദ്ധ്യായത്തിൽ "ചേതോഭിരാമമുഖി........ഉദാരെ" എന്ന പദ്യം ഉദാഹരണമാക്കി "ഇങ്ങിനെ വിശേഷണങ്ങൾ കോരിക്കോരിചൊരിയുന്നതു നമ്മുടെ ഭാഷക്കു യോജിച്ചതാണ്" എന്നു പറഞ്ഞിരിക്കുന്നു. ഉപമകളും ഒരുതരം വിശേഷണങ്ങളല്ലേ? ഈശ്വരാനുഗ്രഹം! കുററം കണ്ടതു പ്രധാനമായി സൎവ്വസമ്മതങ്ങളായ ഭാഷാചമ്പുക്കളിലായതുകൊണ്ട് ഈ അഭിപ്രായത്തെ ആരും സാരമായി അത്ര വിലവെക്കില്ലെന്നു സമാധാനിക്കാം. ചന്ദ്രോത്സവത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന അതിപ്രസാദദോഷവും ഈ വകുപ്പിൽത

ന്നെ ചേൎത്തു തള്ളാവുന്നതാകുന്നു. കഷ്ടം! കടവിനു മന സംസ്കാരമില്ലത്രെ! "അപരാധിയായ അന്തൎജ്ജനം" എന്ന കവിത "അനൌചിത്യംകൊണ്ടു തീരെ ദുഷ്ടമെന്നു പറയാതെ നിവൃത്തിയില്ലെ"ന്നാണ് ശ്രീമാൻ പണിക്കരുടെ അഭിപ്രായം. ഒരുത്തമത്യാഗിയുടെ വീക്ഷണത്തിൽ ഇത്തരം കൃത്യങ്ങളെല്ലാം സംസാരമായാനാടകത്തിൽ കാട്ടിക്കൂട്ടുന്ന ഗോഷ്ഠിയായിട്ടോ, കോമാളിത്തമായിട്ടോ അല്ലാതെ കാണുകയില്ലെന്നും അത്തരത്തിലാണ് ഒട്ടു ഈ കൃതി ചമച്ചിരിക്കുന്നതെന്നും കൃതി ആദ്യന്തം വായിച്ചാൽ അറിവാൻ പ്രയാസമില്ല. ആ കൃതിയിൽ തന്നെ മറെറാരുദിക്കിൽ "നിസ്സാരമായ വിഷയഭ്രമമൊന്നൊഴിക്കാൻ" എന്ന ഭാഗം അദ്ദേഹത്തിൻെറ ഈ മനോഭാവത്തിനു തെളിവാകുന്നുണ്ട്. "പാലിക്കാനായ് ഭുവനമഖിലം" എന്ന മയൂരസന്ദേശത്തിലെ ശ്ലോകം— "കാലിക്കോലിൻ..........." എന്ന ഉണ്ണുനീലിസന്ദേശത്തിലെ ശ്ലോകത്തിൻെറ പ്രതിബിംബംമാത്രമാണെന്നുള്ള അഭിപ്രായം സമൎത്ഥിക്കാൻ ധൈൎയ്യംവരുന്നില്ല. പീലിക്കോലും, കാലിക്കൂട്ടവും വരുത്തീട്ടുണ്ടെന്നുമാത്രം ചെയ്തായിരിക്കാം ഈ പ്രതിബിംബാഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നത്. ആശയം രണ്ട്, ചിത്രം രണ്ട്. ഇതിലധികം ഇതിനെപ്പററി പറയേണ്ടതില്ലല്ലോ.

ഏഴാമദ്ധ്യായത്തിൽ പാശ്ചാത്യസാഹിത്യവുമായുള്ള സമ്പൎക്കംകൊണ്ടു ഭാഷാകവിതയിലുള്ള മാററങ്ങളെയാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിൽ പ്രദൎശിപ്പിച്ചിരിക്കുന്ന അഭിപ്രായം ഒട്ടുമുക്കാലും ചൎവ്വിതചൎവ്വണമായതുകൊണ്ട് അതിനെപ്പററി വേറിട്ടൊന്നും പറവാനുദ്ദേശിക്കുന്നില്ല. ആകപ്പാടെ പുതിയത് എന്നു പറവാൻ ഈ ഗ്രന്ഥത്തിൽ വളരെയുണ്ടോ എന്നു സംശയമാണ്.

പാശ്ചാത്യഭാഷയെ സംബന്ധിച്ചുള്ള മലയാളഭാഷാനിരൂപണംതന്നെ പലതും വേറെവിധത്തിൽ മററുള്ളവർ സ്പർശിച്ചിട്ടുള്ളതേയുള്ളു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള മററുള്ള തത്വങ്ങളിൽ പലതും പഴയത് കടിച്ചുവലച്ചുള്ളവ മാത്രമാണെന്ന് ഇത്രത്തോളം പറഞ്ഞതുകൊണ്ടു വിശദമാകുന്നുണ്ടല്ലോ.

ഇതിലെ ഭാഷയെസംബന്ധിച്ചിടത്തോളം, ചുരുക്കിപ്പറയുന്നതാണെങ്കിൽ, അതു നന്നായിട്ടുണ്ട്. എന്നാൽ 'ചക്രവാദം' 'പ്രാപിക്കമായിരുന്നിരിക്കാം.' 'പേടിപ്പെടുക', 'കൌശല്യം', 'ചംബു', 'ച്ഛന്ദശംസ്സും' എന്ന പദങ്ങളും, "ഈ വൃത്തത്തിൽ എഴുതുവാൻ പോയതുകൊണ്ട് എന്തുമാതിരി ഭാഷയാണ് പശ്യവാനായ അദ്ദേഹം ഉപയോഗിക്കേണ്ടിവന്നത്", "ദ്രാവിഡവൃത്തങ്ങളിലോട്ടുള്ള പകച്ച—"എന്നിത്തരം പ്രയോഗങ്ങളും അനാശാസ്യങ്ങളാണെന്നുപറയാതെ നിവൃത്തിയില്ല.

ശ്രീമാൻ പണിക്കരുടെ സാഹസമായ ഇത്തരം സാഹിത്യപരിശ്രമം ഉദ്ദേശശുദ്ധിയുള്ളതാണെന്നു വേണമെങ്കിൽ അനുവദിക്കാം. അദ്ദേഹത്തിന്റെ 'പറങ്കിപ്പടയാളിയിലും' ധാരാളമായി ഈവിധസാഹസം കാണുന്നുണ്ട്. ചരിത്രാഖ്യായികയിൽ കെട്ടുകഥ ഏറെക്കുറെ കൊണ്ടുവരാം എന്നല്ലാതെ ചരിത്രസംഗതികൾ തീരെ വിരുദ്ധമാക്കി, വികൃതമാക്കി പ്രകാശിപ്പിക്കുന്നത് കട്ടംതന്നെ ശരിയല്ലല്ലോ. എന്നാൽ ഈ ആഖ്യായികയിൽ അതേയുള്ളു എന്നുതന്നേ തോന്നിപ്പോകും. കൊച്ചിയും, വടക്കൻകൂറും, വടക്കൻകൂറിനെ തിരുവിതാംകൂർ പിടിച്ചടക്കുന്നതുവരെ, പരസ്പരമൈത്രിയിലും, ബന്ധുതചത്തിലുമാണ് കഴിഞ്ഞിരുന്നത്. അയിനിക്കൂററുനമ്പിടിയും, കവളപ്പാറനായരും, ചിറവൂർനമ്പൂരിപ്പാട്ടും

യഥാൎത്ഥത്തിൽ എന്നും കൊച്ചിയുടെ പക്ഷമായിരുന്നു. ഈ വാസ്തവസംഗതി രണ്ടും വിപരീതമായിട്ടാണു് പറങ്കിപ്പടയാളിയിൽ കാണുന്നതു്. അതുപോലെതന്നെ ലക്ഷ്മിഅമ്മയെ ബഹിഷ്കരിക്കുന്ന സമ്പ്രദായവും വെട്ടത്തുരാജാവു ഗോവയിൽപോയി ജ്ഞാനസ്നാനം ചെയ്തു പിന്നീട്ടു തിരിയെ മലയാളത്തിൽ വന്നു എളുപ്പത്തിൽ ഒരു പ്രായശ്ചിത്തംകൊണ്ടു വീണ്ടും പരിശുദ്ധക്ഷത്രിയനായതും ചരിത്രദൃഷ്ട്യാ തീരെ അബദ്ധമാണു്. ഇതെല്ലാം കണ്ടാൽ ഏതാണ്ടു "സുഗ്രീവൻ മിഥിലയിൽനിന്നു സീതയെ മോഷ്ടിച്ചു രാവണനു തിരുമുല്ക്കാഴ്ചവെച്ചപ്പോൾ ബാലി കോപിക്കുകകാരണം ശ്രീരാമൻ ബാലിയെ സഹായിക്കാൻ രാവണനോടു എതിൎത്തു രാവണകരത്താൽ മൃതിയടഞ്ഞു" എന്നൊരു പുരാണകഥയോടു സാദൃശ്യപ്പെടുത്താമെന്നു തോന്നിയാൽ അതു് ഒട്ടുംതന്നെ അത്ഭുതമല്ല.

ഭാഷാഭക്തൻ.

## ഗൃഹവും വിദ്യാഭ്യാസവും

വിദ്യാഭ്യാസംകൊണ്ടു കൎയ്യമായി സാധിക്കേണ്ടതു സ്വഭാവരൂപീകരണമാണു്. എന്നാൽ പാഠശാലകളിൽനിന്നുമാത്രമേ ഇക്കാൎയ്യം ലഭ്യമാകയുള്ളു എന്നു വിചാരിക്കുന്നതു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ സംബന്ധിച്ചേടത്തോളം തീരുമാനം ശരിയാവുമെന്നു തോന്നുന്നില്ല. മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും ഒന്നു

ചേൎന്ന് ഇക്കാൎയ്യത്തിൽ പരസ്പരം സഹായിച്ചെങ്കിൽമാത്രമേ ഇക്കാൎയ്യം ഫലപ്രദമായും ശുഭമായും കലാശിക്കൂ.

ഇക്കാൎയ്യത്തിൽ പ്രധാനമായി വേണ്ടതു വിദ്യാഭ്യാസവിഷയത്തിൽ ഭവനവും ഒഴിച്ചുകൂടാത്ത ഒരു ഘടകമാണെന്ന ബോധം കുട്ടികളിൽ ഉളവാക്കുകയാണ്. തങ്ങളുടെ ഭവനങ്ങൾ സ്നേഹാദരങ്ങളുടെ വിളനിലമായി അവർ കരുതണം. അത് ഉടുപ്പുകുപ്പായങ്ങളുണ്ടാക്കിക്കൊടുക്കുന്ന ഒരു വ്യവസായശാലയൊ ഭക്ഷണസാധനങ്ങൾ സംഭരിച്ചുവെച്ചിട്ടുള്ള ഒരു ഹോട്ടലോ അല്ല. അവിടെ സദാ ആനന്ദവും അനുഭാവവും മാത്രമേ കളിയാടാവൂ. ഗൃഹനാഥൻ വീട്ടിനു വെളിയിൽ പോകുന്നത് ഒരു ആശ്വാസമായി ഏതൊരു വീട്ടിലെ അംഗങ്ങൾ കരുതുന്നുവോ അപ്രകാരമുള്ള ഗൃഹം യഥാൎത്ഥത്തിൽ ഗൃഹമല്ല. വീട്ടിൽനിന്നു പുറത്തു ചാടാൻ തരം കാത്തിരിക്കുന്ന കുട്ടികളേയാണ് ഇന്നു നാം സാധാരണ കാണുന്നത്. ഇത് അവൎക്ക് അനുസരണമില്ലാത്തതുകൊണ്ടല്ല. വീട്ടിൽ വേണ്ടത്ര സ്വാതന്ത്ൎയ്യമില്ലാത്തതുകൊണ്ടുമാത്രമാണ്. കുട്ടികളെ അനുസരണം ശീലിപ്പിക്കുന്നതിലുള്ള അതിയായ ശുഷ്കാന്തിക്കിടയിൽ ചില മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾ മനുഷ്യരാണെന്നുള്ള വസ്തുതതന്നെ മറന്നുപോകുന്നതായിക്കാണുന്നു. ഇങ്ങിനെ തല മറന്ന് എണ്ണതേക്കുന്നതുകൊണ്ടു വിശേഷവിധിയായ ഫലമൊന്നും ലബ്ധമാകയില്ല. നാം നമ്മുടെ സമന്മാരോട് ഒന്നിച്ചു പെരുമാറുന്നതുകൊണ്ടു ജീവിതം സുന്ദരതരവും കൂടുതൽ അനുഭവയോഗ്യവുമായിത്തീരുന്നു എന്നുള്ള പ്രസ്താവന എത്രയും വാസ്തവമാണ്. അതിനാൽ നാം സമവയസ്കന്മാരും സൽസ്വഭാവികളുമായ ബാലന്മാരോടു

കൂടി കൂട്ടുകൂടി നടക്കുന്നതിൽ നമ്മുടെ ബാലന്മാരെ തടയരുത്. എന്നാൽ അവർ നല്ലകുട്ടികളുടെ കൂട്ടാണോ സ്വീകരിച്ചിരിക്കുന്നത് എന്നുമാത്രം നാം പ്രത്യേകം നോക്കേണ്ടതുമാണ്.

ഉപദേശത്തേക്കാൾ മാതൃകയാണ് വരമെന്നുള്ള വസ്തുത സകലമാതാപിതാക്കളും കരുതിക്കൊള്ളേണ്ടതാണ്. വാക്കുകൾ ഭൂമിയുടെ പുത്രിമാരും പ്രവൃത്തികൾ സ്വൎഗ്ഗത്തിന്റെ പുത്രരുമാണ് എന്നൊരു ചൊല്ലുണ്ട്. പ്രവൃത്തിക്കാണ് പ്രസംഗത്തേക്കാൾ പ്രാധാന്യം കല്പിക്കേണ്ടതെന്നാണിതിന്റെ അൎത്ഥം. ഇന്നതു ചെയ്യേണമെന്നു പറഞ്ഞുകൊടുക്കുന്നതിനേക്കാൾ ഫലപ്രദമാകും അതു ശരിയായി ചെയ്തുകാണിച്ചുകൊടുത്താൽ. കാലത്ത് അമ്പലത്തിൽ പോയി കുളിച്ചു തൊഴണം; ഈശ്വരനെ വന്ദിക്കണം; സന്ധ്യയ്ക്കു നാമം ചൊല്ലണം എന്നൊക്കെ പറഞ്ഞുകൊടുക്കുന്ന മാതാപിതാക്കന്മാർ അക്കാൎയ്യങ്ങളിൽ സ്വയം അവജ്ഞ കാണിക്കുന്നതു നന്നല്ല. പ്രായേണ കുട്ടികളിലും ഇക്കാൎയ്യത്തിൽ ഒട്ടേറെ അവജ്ഞ അങ്കുരിക്കുന്നതു സാധാരണമാണ്.

ഗൃഹനായികയായ അമ്മയ്ക്കു വീട്ടിന്നുള്ളിൽ പ്രാധാന്യമേറിയ ഒരു സ്ഥാനമാണുള്ളത്. വീടാകുന്ന രാഷ്ട്രത്തിൽ ഉത്തരവാദിത്വമേറിയ ഒരു സ്ഥാനവും അവൾക്കുണ്ട്. എന്നാൽ സാധാരണയായി ചിലർ അവരെ വേണ്ടത്ര ബഹുമാനിക്കാറില്ല. സ്വഭാവരൂപീകരണവിഷയത്തിൽ മാതാക്കൾക്കുള്ള സാദ്ധ്യശക്തി ചില്ലറയൊന്നുമല്ല. ശിവാജി മുതലായ മഹാന്മാരുടെ ജീവിതം ഇതിന്ന് ഉത്തമദൃഷ്ടാന്തങ്ങളാണ്. അഭ്യസ്തവിദ്യരായ ചില പിതാക്കൾ തങ്ങൾക്കു സകലവിഷയങ്ങളിലും സ

വ്വതോമുഖമായ ഒരു ജ്ഞാനം ലഭിച്ചിട്ടുണ്ടെന്നഭിമാനിക്കുന്നു. അതിനാൽ അവർ ചിലപ്പോൾ തങ്ങളുടെ ഭാൎയ്യമാരിൽ അനാദരവോടുകൂടി പെരുമാറുകയും ചെയ്യുന്നു. ഇതു് ഒട്ടുംതന്നെ ശരിയല്ല. ഭാൎയ്യക്കു വിദ്യാഭ്യാസമില്ലെങ്കിൽ അവളുടെ മനസ്സംസ്കരണത്തിന്നനുരൂപമായവിധത്തിൽ തന്റെ ഭാവനയ്ക്കൊത്തവിധം അവളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതു ഭൎത്താവിന്റെ ചുമതലയാണു്. ഗൃഹാന്തൎഭാഗത്തു് അവൎക്കുള്ള പ്രാധാന്യത്തെ കുട്ടികളുടെ മുമ്പിൽവെച്ചു ചവുട്ടിത്താഴ്ത്തുവാൻ തുനിയുന്നതു സാധുവായ ഒരു പ്രവൃത്തിയാകയില്ല. അതിൽനിന്നുണ്ടാകുന്ന ഭവിഷ്യൽഫലം കുട്ടികളിൽ ഒട്ടേറെ പ്രതിഫലിക്കാതിരിക്കയുമില്ല.

ഒരു പിതാവിന്നു് അനവധി കുട്ടികളുണ്ടായാൽ അവരെയെല്ലാവരേയും ഒന്നിച്ചുതന്നെ ഒരേവിധത്തിൽ വളൎത്തിക്കൊണ്ടുവരണം. വ്യത്യസ്തമായ രീതിയിലൊ വെവ്വേറെയായൊ അവരെ വളൎത്തിക്കൊണ്ടുവന്നാൽ അവർ തമ്മിലുള്ള സാഹോദൎയ്യത്തിന്നു കോട്ടംപറ്റുവാനിടയുണ്ടു്. തങ്ങൾ എല്ലാവരും ഒന്നു് എന്നു വിചാരിച്ചു് ഐകമത്യത്തോടെ വളരുവാനുള്ള ഒരു സ്ഥലമായിരിക്കണം ഗൃഹം. ആത്മത്യാഗത്തിന്റെ ആദ്യപാഠങ്ങൾ ഗൃഹത്തിൽവെച്ചായിരിക്കണം കുട്ടികൾ പഠിക്കേണ്ടതു്. സ്വയംഭരണത്തിന്റെ മൂലകരുവും ഗൃഹത്തിലാണു് കിടക്കുന്നതു്; പ്രസംഗവേദിയിലല്ല.

മാതാപിതാക്കന്മാർ ശിക്ഷാഗുരുക്കന്മാരായിമാത്രം വൎത്തിക്കരുതു്. അവർ രക്ഷാഗുരുക്കന്മാരുംകൂടിയായിരിക്കണം. കുട്ടികളുടെ നേരെ ദയയോടും വാത്സല്യത്തോടും പെരുമാറുന്നതിനു പുറമെ സഹാനുഭാവവും സ്നേഹ

വും ഉള്ള ബന്ധുക്കളെപ്പോലെയും അവരോടു പെരുമാറണം. "തന്നോളമായാൽ താൻ എന്നു വിളിക്കണം" എന്നൊരു പഴമൊഴിയും പഴയകാലംമുതൽ നമ്മുടെ ഇടയിൽ ഉണ്ടല്ലൊ. എല്ലായ്പോഴും ഗൌരവഭാവം നടിച്ചിരിക്കുന്നതു നന്നല്ല. തങ്ങളുടെ ഹൃദയാന്തർഭാഗത്തിൽ വർത്തിക്കുന്ന ആശകളേയും ആശങ്കകളേയും വിചാരങ്ങളേയും കലവറവെക്കാതെ തുറന്നുപറയുവാൻ ഒരു ആവേശവും സന്തോഷവും ഭയമില്ലായ്മയും കുട്ടികളിൽ അങ്കുരിക്കത്തക്കവിധത്തിലായിരിക്കണം നാം അവരോടു പെരുമാറേണ്ടത്. മിണ്ടുമ്പോളത്തേക്കും ചാടിക്കടിക്കുന്നവർ കുട്ടികളുടെ ഭാവനാശക്തിയെ മുളയിൽതന്നെ നുള്ളിക്കളയുകയാണ് ചെയ്യുന്നത്. അവരുടെ ഹൃദയം ശോധനചെയ്തു തെററുകളെ ബഹിഷ്കരിച്ച് സൽഗുണങ്ങളെ ശരിയായി പോഷിപ്പിച്ചുവരേണ്ടതായ ചുമതല മാതാപിതാക്കൾക്കാണ്. അതിന്നുള്ള വഴിയടച്ചുകളഞ്ഞാൽ സംഭൂതമാകുന്ന ഫലം അനാശാസ്യമാണ്. മാതാപിതാക്കളും കുട്ടികളും തമ്മിൽ ആശയങ്ങളെ അന്യോന്യം അറിയിക്കുന്നതുകൊണ്ട് എപ്പോഴും ഗുണമേയുണ്ടാകയുള്ളൂ. അതുകൊണ്ടാണ് നമ്മുടെ നീതിസാരത്തിൽ അഞ്ചുവയസ്സുവരെ കുട്ടികളെ രാജാവിനെപ്പോലെയും പിന്നെ മന്ത്രിയെപ്പോലെയും പിന്നെ ശിഷ്യനെപ്പോലെയും അനന്തരം സമനെപ്പോലെയും മററും കരുതണമെന്നു ഘോഷിച്ചിട്ടുള്ളത്. ഭാവിലോകത്തെ ഭാസുരമാക്കേണ്ട താരങ്ങൾ ഭവനാന്തർഭാഗത്താണ് ഉദയംചെയ്യുന്നതെന്ന് അണുവും സംശയമെന്യേ പറയാം.

മുല്ലോത്തു വി. നാരായണമേനോൻ.

## ചില മരുന്നുകൾ

### സുഖോദയദന്തചൂർണ്ണവും ലേപനവും

വെടിക്കെട്ടു, മുറുക്ക, പല്ലുതേപ്പ് ഇവയിൽ മലയാളികളെ കവിച്ചുവെക്കാൻ ഭൂഭാഗത്ത് ഒരു ജാതിയും ഉണ്ടായിട്ടില്ല. ഓരോരുത്തർ ഓരോതരം ദന്തചൂർണ്ണങ്ങൾ ഉപയോഗിച്ചുപോരുന്നുണ്ട്. ചിലർ പുതുതായി ഓരോന്നു കണ്ടുപിടിച്ചുംവരുന്നുണ്ട്. അവയിലൊന്നാണ് ഈ സുഖോദയദന്തചൂർണ്ണം. ഊനുകൾക്കുണ്ടാകുന്ന ന്യൂനതകളും വായ്നാററം പൽപുളിപ്പു പുഴക്കേടു മുതലായവയും ഈ പൊടി പ്രതിദിനം പല്ലുതേക്കാനുപയോഗിക്കുന്നവൎക്കുണ്ടാകുന്നതല്ല. പതിനഞ്ചുദിവസം ഉപയോഗിക്കുവാനുള്ള പൊടി പൊതി ഒന്നുക്ക് ഒരണയേ വിലയുള്ളു.

ഈ ലേപനത്തിന്റെ മാഹാത്മ്യം വിസ്മയാവഹമാണെന്ന് അനുഭവത്താലറിഞ്ഞിരിക്കുന്നു. ചൊറി ചിരങ്ങു കൈകാൽകടച്ചിൽ ചില്ലറ വാതോപദ്രവങ്ങൾ ഇവയ്ക്കു കൈകണ്ട ഔഷധമാണിത്. ചെറിയ ഒരു കുപ്പിക്ക് ആറണ മാത്രമേ വിലയുള്ളു. സുഖോദയവൈദ്യശാല, എറണാകുളം.

### എസ്. കെ. എസ്. ൧൧

പഠിപ്പിനേക്കാൾ പ്രാധാന്യമേറിയതാണല്ലോ പരിചയം. തൃശ്ശിവപേരൂർ ഇംഗ്ലീഷ് ഔഷധശാലക്കാരായ മെസേർസ് അച്ചു ബ്രദർസിന്റെ ചിരകാലപരിചയത്തിന്റേയും പരീക്ഷണത്തിന്റേയും ഫലമായി സഞ്ജാതമായിട്ടുള്ള മേൽപറഞ്ഞ മരുന്നു ത്വഗ്രോഗസംഹാരിയെന്നു ചുരുക്കിപ്പറവാനല്ലാതെ ഇനവിവരം തിരിച്ചുപറയുന്നതിനു തൽക്കാലം സ്ഥലവൈരള്യം ഞങ്ങളെ അനുവദിക്കുന്നില്ല. രണ്ടൌൺസു തൂക്കമുള്ള ഒരു കുപ്പി മരുന്നിന്റെ വില ഒമ്പതണയാണ്.

## പണം അടച്ചവരുടെ പേരും വരവു സംഖ്യയും

| | | |
|---|---|---|
| തിരുവിതാംകൂർ മഹാറാണി സി. ഐ. തിരുമനസ്സുകൊണ്ട് | | 2 |
| ശ്രീമതി | മനക്കോട്ടു മാധവിയമ്മ | 5 |
| ,, | അസിസ്റ്റണ്ട് ഇൻസ്പെക്ട്രസ്സ്, അരിപ്പാട് | 34 |
| ,, | വി. എം. ലക്ഷ്മിക്കുട്ടിയമ്മ | 2 |
| ,, | പുത്തേഴത്ത് അമ്മുക്കുട്ടിയമ്മ | 2 |
| ,, | ഇംഗ്ലീഷ് ഗാൎസ് സ്കൂൾ ഹെഡ മിസ്ട്രസ്സ്, മാവേലിക്കര | 4 |
| ,, | പാലിയത്ത് ഓമനക്കുഞ്ഞമ്മ | 2 |
| ,, | ജി. സത്യഭാമയമ്മ, മണ്ണുവിള | 2 |
| ,, | ജി. സരസ്വതീഭായി, തയ്യിൽ | 1 |
| ,, | ചങ്ങരംകുമരത്ത് കുഞ്ഞിഅയ്യപ്പൻ മാധവി | 2 |
| ,, | തെക്കെ കാരിയിൽ ദേവകിയമ്മ | 2 |
| ,, | പൂതാമ്പിള്ളി അമ്മുഅമ്മ | 3 |
| ,, | എടയാട്ടിൽ ജാനകിയമ്മ, പറവൂർ | 2 |
| ,, | കോഴിക്കോട്ടു ജാനകിയമ്മ | 2 |
| ,, | കാത്ത്യായിനിയമ്മ, ചെട്ടികുളങ്ങര | 4 |
| ,, | എൽ. ഭാഗീരഥിയമ്മ, മുല്ലശ്ശേരിൽ | 1 |
| ,, | അറക്കൽ കൊച്ചുകുട്ടിയമ്മ | 2 |
| ,, | അറക്കൽ എൽ. മീനാക്ഷിക്കുട്ടിയമ്മ | 2 |
| ,, | പി. കെ. രുഗ്മിണിയമ്മ, അറക്കൽമഠം | 2 |
| ,, | കെ. ലക്ഷ്മിക്കുട്ടിയമ്മ, പുത്തഴിയത്തുവീട് | 2 |
| ,, | തിരുവിതാംകൂർ സ്കൂൾ ഇൻസ്പെക്ട്രസ്സ് | 119—5 |
| മ. രാ. രാ. | എം. ബാലകൃഷ്ണമേനോൻ അവൎകൾ | 2 |
| ,, | പറയത്ത് ഇ. രാമന്മേനോൻ ബി എ | 2 |
| ,, | പാറക്കൽ കൃഷ്ണമേനോൻ ബി എ, എം എൽ സി | 4 |
| ,, | മുരുവിറൽ ഇസ്ലാം വായനശാല സിക്രട്ടറി | 2 |
| ,, | എസ്. നാരായണയ്യർ, ഓവർസിയർ | 2 |
| ,, | പുന്നത്തൂർ വലിയരാജാ | 4 |
| ,, | പി. എം. രാമക്കുറുപ്പ് ബി എ, ബി എൽ | 2 |
| ,, | എസ്സ്. പത്മനാഭമേനോൻ | 1 |
| ,, | ഏ. കുഞ്ചുത്തിരുപ്പാട്, മാവേലിക്കര | 2 |
| ,, | പരപ്പനാട്ടു വലിയതമ്പുരാൻ | 2 |
| ,, | സി. കെ. കൃഷ്ണപിള്ള, വക്കീൽ | 1 |
| ,, | തെക്കെ കോയിക്കൽ കേശവപിള്ള | 2 |

## പണം അടച്ചവരുടെ പേരും വരവു സംഖ്യയും

| | | |
|---|---|---|
| മ രാ രാ | വി. കെ. നാരായണപിള്ള ബി എ, ബി എൽ അവർകൾ | 1 |
| ,, | മുരണിയിൽ ശങ്കരനാരായണപിള്ള ബി എ ബി എൽ | 1 |
| ,, | മാങ്കായിൽ കൊച്ചുണ്ണിപ്പണിക്കർ ബി എ, ബി എൽ | 2 |
| ,, | ടി. ആർ. വേലായുധൻ, പാലക്കാട് | 2 |
| ,, | പുക്കഴി കൃഷ്ണവാരിയർ, മാന്നാമഥുര് | 2 |
| ,, | പുക്കഴി കൃഷ്ണവാരിയർ ബി എ. | 2 |
| ,, | കണ്ടേത്തു ഗോവിന്ദമേനോൻ ബി. എ | 2 |
| ,, | കെ. എസ്. മേനോൻ ബി എ, ബാരിസ്റ്റർ | 2 |
| ,, | എസ്. ശങ്കരപ്പിള്ള ബി എ, പീരുമേട് | 2 |
| ,, | വി. എസ്. ശങ്കരപ്പിള്ള, പെരുമ്പാവൂർ | 2 |
| ,, | എസ്. കൃഷ്ണപിള്ള ടി | 2 |
| ,, | തിരുനിലത്തിൽ എൻ. കൃഷ്ണപിള്ള | 2 |
| ,, | പി. ഇരവിപ്പിള്ള, പാർവ്വത്യകാർ | 2 |
| ,, | കെ. കുട്ടിശ്ശങ്കരമേനോൻ, കടമ്പഴിപ്പുറം | 2 |
| ,, | പൂർവ്വവിദ്യാർത്ഥിസംഘം പ്രസിഡണ്ട് | 2 |
| ,, | റാവുസാഹിബ് കപ്പന നാരായണമേനോൻ | 2 |
| ,, | യു. എം. മേനോൻ, റംഗൂൺ | 2 |
| ,, | കിണററിൻകര ശങ്കുണ്ണിനായർ | 4 |
| ,, | മദ്രാസ് സർവ്വകലാശാലാലൈബ്രേറിയൻ | 2 |
| ,, | പി. കരുണാകരമേനോൻ ബി എ, ബി എൽ | 2 |
| ,, | കെ. എസ്. ശ്രീധരൻനായർ ബി എ, ബി എൽ | 2 |
| ,, | കെ. എൻ. ഗോവിന്ദപ്പിള്ള ബി എ, ബി എൽ | 2 |
| ,, | കെ. താണുപിള്ള ബി എ, തിരുവനന്തപുരം | 3 |
| ,, | വി. എൻ. പരമേശ്വരൻപിള്ള എൽ എം | 2 |
| ,, | മഠത്തിപ്പിള്ളി രാമമേനോൻ ബി എ ബി എൽ | 5 |
| ,, | പി. ആർ. ശാമുക്കുട്ടിമേനോൻ ബി എ, തമ്പാന്നൂർ | 2 |
| ,, | രാമവർമ്മവലിയകോയിത്തമ്പുരാൻ | 2 |
| ,, | ജി. നാരായണപിള്ള ബി എ, പാൽക്കുളങ്ങര | 1 |
| ,, | കെ. ഗോപാലപിള്ള ബി എ, ബി എൽ, പട്ടം | 2 |
| ,, | കെ വി. കൊച്ചുകൃഷ്ണപിള്ള ബി എ, ബി എൽ | 2 |
| ,, | പി. വേലായുധൻപിള്ള, കോട്ടയം | 1 |
| ,, | എം. ഗോവിന്ദൻ ബി എ, ബി എൽ | 1 |
| ,, | കാട്ടൂർ കൃഷ്ണപ്പിഷാരടി ബി. എ., ബി. കോം | 2 |
| ,, | മണലായെ കുഞ്ഞുണ്ണിനെടുങ്ങാടി (തുടരും) | 1 |

UNIVERSITY LIBRA
26. SEP. 1935
MADRAS



ശ്രീമതി കെ. കെ. ദാക്ഷായിണി അമ്മ ബി. എ.

KERALODAYAM PRESS, TRICHUR.